



# 'അകലങ്ങളിൽ....'

## THE DIGITAL MAGAZINE

## LITTLE KITES .......

## ST PETER'S HSS ELANJI

## 2019-2020



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# സത്യമേവ ജയതേ......

# St.Peter's HSS Elanji



*OUR SCHOOL.....OUR DREAMS ...*
*OUR VISION BEGINS.....*

# ആശംസ



SCHOOL MANAGER- REV. FR. SEBASTIAN ALAPPATTUKUNNEL.

വിദ്യാഭാസത്തിന്റെ മുഖലക്ഷണം സമഗ്രതയാണ്. അറിവ് നേടാനും അത് പകർന്നു കൊടുക്കാനും വിദ്യാലയങ്ങൾ നമ്മെ പഠിപ്പിക്കുന്നു.സഹ ജീവികളോടുള്ള സ്നേഹത്തിന്റെ പ്രകടമായ ഭാവമാണ് അവരെ വിദ്യാസമ്പന്നരാക്കുക എന്നത് .നമ്മുടെ ഈ മാതൃക വിദ്യാലയം അതിനുതകുന്ന പ്രവർത്തനങ്ങൾക്കു ഊന്നൽ കൊടുക്കുന്നു.ഇവിടുത്തെ കുട്ടികൾ ഉന്നത നിലവാരത്തിൽ എത്താൻ സഹായകമായ എല്ലാ ക്ലബ്ബുകളും സജീവമാണ്.ഐ ടി പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ ലിറ്റിൽ കൈറ്റ് ക്ലബ് വളരെ നന്നായി പ്രവർത്തിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.ഇതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ വിധ ആശംസകളും അറിയിക്കുന്നു .ഡിജിറ്റൽ മാഗസിന്റെ നിർമ്മിതിക്ക് പിന്നിലെ മനസുകളെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു ....

# ആശംസ



ഹെഡ്മാസ്റ്റർ

ശ്രീ .വിൽസൺ ജോസ് .കെ

ആദർശശുദ്ധിയും മൂല്യബോധവും സംസ്കാര സമ്പന്നതയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തുക എന്നതാണല്ലോ വിദ്യാഭാസത്തിന്റെ പരമമായ ലക്ഷ്യം.വിദ്യാലയമാകുന്ന ഉലയിൽ സ്ഫുടം ചെയ്തു പരിപക്വം ആയ ആദർശശുദ്ധിയും മൂല്യബോധവും സംസ്കാര സമ്പന്നതയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തുക എന്നതാണല്ലോ വിദ്യാഭാസത്തിന്റെ പരമമായ ലക്ഷ്യം.അധ്യാപകരോടൊപ്പം വിദ്യാർത്ഥികളും പരിശ്രമിക്കുമ്പോൾ ഇത് സാധ്യമാകുന്നു.ഇതിനായി ലിറ്റിൽ കൈറ്റ് പോലുള്ള ഐ ടി ക്ലബ്ബുകൾ വലിയ സ്ഥാനം വഹിക്കുന്നു.ഈ വർഷവും നമ്മുടെ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നതിൽ സന്തോഷിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അനുമോദിക്കുന്നു.മാഗസിന് എല്ലാ ആശംസകളും നേരുന്നു...

# Little Kite Members : 2019-2021







# Editorial board

**Managing editor**:  sri.**TinuThomas**(HSA P.S)

**Circulation Manager** :smt.**Thushara Augustine** (HSA P.S)

**Chief editor** :**Akshay Anil**


*Sub editors* : *Aleena Geo*
*Haritha C.H*
*Nandana Manoj*

# എഡിറ്റോറിയൽ

വിദ്യാഭ്യാസത്തിന് പുതിയ മാനങ്ങൾ നൽകി നാം ഉന്നതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു . ഇതിന് നേതൃത്ത്വം നല്കാൻ സ്കൂളിലെ ഐ ടി കൂട്ടായ്മയായ  ലിറ്റിൽ കൈറ്റ്സ് പ്രധാന പങ്ക് വഹിക്കുന്നു . ഈ അദ്ധ്യയന വർഷവും നല്ലൊരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കി സമർപ്പിക്കുന്നു .പരിമിത സമയത്തിനുള്ളിൽ തയ്യാറാക്കിയ ഈ എളിയ മാഗസീൻ തെറ്റുകുറ്റങ്ങൾ അവഗണിച്ച്  സ്വീകരിക്കുമല്ലോ ഇതിനു  പിന്നിൽ പ്രവർത്തിച്ച  എന്റെ സഹപാഠികൾക്കും സഹായിച്ച ഗുരുക്കന്മാർക്കും നന്ദി അർപ്പിച്ചു കൊള്ളുന്നു .



# താളുകൾ മറിക്കുമ്പോൾ.....



. കവിത 14-15

. കഥ 16-19

. കവിത 20

. ലേഖനം 21-24

. കവിത 25

. കഥ 26-30

. ഉപന്യാസം 31-36

. ലേഖനം 37-39

. കഥ 40-44

. കവിത 45-46

. ഹിന്ദി കഥ 47

. പഴഞ്ചൊല്ല് 48-50

. ഇംഗ്ലീഷ് കവിത 51-52

. ലേഖനം 53-55

. കഥ 56-57

. കവിത 58-59

. യാത്രാവിവരണം 60-62

. ഉലികാനാമം 63-64

. കവിത 65-69

. ലേഖനം 70-71

. ഹിന്ദി കവിത 72

. കഥ 73-74

. കവിത 75-76

. കഥ 77-78

. ഇംഗ്ലീഷ് ലേഖനം 79-81

. നാടൻപാട്ട് 82-83

. കവിത 84

. കഥ 85-91

. ഇന്റർവ്യൂ 92-93

. ആപ്തവാക്യങ്ങൾ 94-95

. കവിത 98

. കഥ 99-102

. മഹത്വവചനങ്ങൾ 103-105

# താളുകളിലൂടെ ......



## കവിത

# മാതൃപൂജ

അമ്മേനമോവാകമെന്നെയിന്നുമെന്നും
ഞാനാക്കിച്ചമച്ചോരമ്മേ നമോവാകം .
അന്തരാത്മാവിലിനുപാമസ്നേഹത്തിൽ
മുന്തിരിപ്പകർന്നൊരമ്മ നമോവാകം .
ഓർമ്മയിൽ താവാകത്താരോളിപുഞ്ചിരി -
ച്ചാരുതചാർത്തുന്ന നവ്യാനുഭൂതികൾ!
നന്മയും തിന്മയും വേർതിരിച്ചൊരുവാൻ ,
തന്മകൾ ഭാവിതനാകാശവീഥിയിൽ
മിന്നിത്തിളങ്ങുന്ന താരകങ്ങളാകുവാൻ
തന്നതമമ്മിഞ്ഞപ്പാലിന്റെ മാധുര്യം

ഇന്നുമെൻ ചുണ്ടിൽകിനിയുന്ന ;വാഗ്ദേവി

പൂജക്ക് പാടുവാൻ ഗീതമുണരുന്നു .

താളലയങ്ങളും രാഗവും കോർത്തൊരു

മാലകോരുതതു  ചാർത്തിതൊഴുന്നു ഞാൻ.

പൂത്തുമ്പിപോലെ പറന്നു കളിച്ചതാ

നിൻമക്കളെയൊക്കെ ഞാനിന്നു സ്മരിക്കുന്നു .

പാറിപറന്നവർ പോയിപലവഴി

ചേരുന്നുണ്ടിന്നും ചിന്തിതനാൽത്തആരയിൽ

മൂകാംംബിക നിന്റെ പാദപദ്മങ്ങളിൽ

പൂജാകുസുമങ്ങളർപ്പിക്കുന്നു .

കിളിമകൾ പാടുംഇലഞ്ഞിപ്പൂമര -

ചോലയിൽ ,ദിവ്യപരിമളഗാത്രിയായി

വിദ്യാതൻദീപം കൊളുത്തിയാനുഗ്രഹ

സദ്യനൽകീടുമംബികേ നമോവാകം.

-Aleena Geo
IX A

# കഥ

# സ്നേഹത്തിന്റെ വില

കുഞ്ചിത്തണ്ണി ഗ്രാമത്തിൽ പണത്തിനു വേണ്ടി എന്തും ചെയ്യുന്ന രാമൻ എന്നൊരു ധനികനുണ്ടായിരുന്നു .അയാളുടെ ഭാര്യയുടേ പേര് രാധ . അവർക്ക് ഒരേഒരു മകൻ ,രാമു .രാമൻ പല സ്ഥാപനങ്ങളുടെയും ഉടമയായിരുന്നു. അതുകൊണ്ട് ജനങ്ങൾ അവനെ' മുതലാളി ' എന്നാണ് വിളിക്കുന്നത്. രാധ എഞ്ചിനിയറുമാണ്. ഇവർക്ക് വലിയ തിരക്കുളത് കൊണ്ട് രാമുവിനെ ശ്രദ്ധിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. ആഴ്ചയിൽ ഒരിക്കൽ പോലും വീട്ടിൽ രാമനും രാധയും കാണുകയില്ല . അതുകൊണ്ട് രാമുവിന് ചെറുപ്പത്തിൽ തന്നെ ബോർഡിങ്ങിലാക്കി. അവൻ നല്ല കലാവാസനയുള്ള കുട്ടിയായിരുന്നു. പക്ഷെ ,എന്തുചെയ്യാൻ ? അവനെ പ്രോത്സാഹിപ്പിക്കുവാൻ ആരും ഉണ്ടായിരുന്നില്ല എന്നാലും അവൻ സ്വന്തം കഴിവുകൾ

വളർത്തിയെടുത്തു . അവധിക്കവൻ വീട്ടിൽ വന്നു, അവൻ വരച്ച നല്ലൊരു പടവുമായിട്ടാണ് വരവ്. ആ പടം ആദ്യം തന്നെ അവന്റെ മമ്മിയെ കാണിച്ചു .പക്ഷെ , അവൾ തിരക്കായിരുന്നത് കൊണ്ട് പടം ശ്രദ്ധിച്ചില്ല . രാമുവിന്റെ മനസ്സ് തേങ്ങി.അവൻ അന്ന് യാതൊന്നും കഴിച്ചില്ല.എന്നിട്ടും അവന്റെ മമ്മി അ പടം നോക്കാൻ കൂട്ടാക്കിയില്ല . മാത്രമല്ല ,അവനോട് ഭക്ഷണം കഴിച്ചോന്ന് പോലും ചോദിച്ചില്ല. അവന്റെ സ്കൂൾ തുറന്നു . അവൻ ബോർഡിങ്ങിലേക്ക് പോയി . പിന്നെ വീട്ടിലേക്കു വന്നിട്ടേയില്ല . ഒരു ദിവസം അവന്റെ ഡാഡി അവനെ അന്വേഷിച്ചു സ്കൂളിൽ ചെന്നു. ഹെഡ്മാസ്റ്ററിനെ ചെന്ന് കണ്ടു വിവരങ്ങൾ തിരക്കി . അപ്പോൾ ഹെഡ്മാസ്റ്റർ പറഞ്ഞു ;"അവൻ ഇന്ന് ക്ലാസിൽ ഹാജരില്ല ,മാത്രമല്ല അവൻ മിക്ക ദിവസവും ക്ലാസിൽ വരികയുമില്ല . അവൻ മയക്കമരുന്നിന്റെ അടിമയായി മാറിയിരിക്കുകയാണ് ഈ ചെറു പ്രായത്തിൽ. അതിന്റെ കാരണക്കാർ

നിങ്ങളൊക്കെ തന്നെയാണ് "."അതെന്താ സാർ

"എന്ന് രാമുവിന്റെ ഡാഡി ചോദിച്ചപ്പോൾ

ഹെഡ്മാസ്റ്റർ കാര്യങ്ങളൊക്കെ പറഞ്ഞു . രാമന്

കുറ്റബോധം തോന്നി . അവധിക്ക് രാമുവിന്റെ

കൂട്ടുകാരുടെ ഡാഡിമാരും മമ്മിമാരും വന്നപ്പോൾ

അവൻ നിങ്ങളെയും പ്രീതീക്ഷിച്ചിരുന്നു പക്ഷെ

നിങ്ങൾ വരാത്തത്തോടെ അവനാകെ

അസ്വസ്ഥനായി. മിക്കദിവസവും ക്ലാസ്സിലും

ഹാജാരാവുകയില്ല. ഭക്ഷണം കഴിക്കുന്നുണ്ടോ

എന്നതന്നെ സംശയമാണ് .ഇത്രെയും കേട്ടപ്പോൾ

രാമുവിന്റെ ഡാഡിക്ക് അവനെ കാണുവാൻ തോന്നി .

അയാൾ ബോര്ഡിങ്ങിൽ ചെന്നു .പക്ഷേ ,രാമുവിന്

സ്വന്തം ഡാഡിയെ കണ്ടിട്ട് തിരിച്ചറിയാൻ പറ്റിയില്ല .

ഹെഡ്മാസ്റ്റർ അവനെ പറഞ്ഞു മനസിലാക്കിയെങ്കിലും

അവൻ കേട്ടഭാവം നടിച്ചില്ല . അയാൾ നിരാശനായി

മടങ്ങി . രാമൻ വീട്ടിൽ ചെന്നയുടൻ ഒരു

ഫോൺകോൾ  അവനു വന്നു. ഹെഡ്മാസ്റ്ററായിരുന്നു

വിളിച്ചത് .' രാമുവിന് പെട്ടന് ബോധക്ഷയം '.ഇതു
കേട്ടയുടനെ രാമുവിന്റെ ഡാഡിയും മമ്മിയും
ബോര്ഡിങ്ങിലേക്ക് പോയി .അവിടെ ചെന്ന്
അവരെല്ലാവരും ചേർന്ന് കുട്ടിയെ ഹോസ്പിറ്റലിൽ
എത്തിച്ചു . കുറച്ചു സമയങ്ങൾക്കു ശേഷം അവൻ
ബോധം തെളിഞ്ഞു കണ്ണുതുറന്നപ്പോഴേ
അന്യോഷിച്ചത് ഡാഡിയെ ആയിരുന്നു .ഡാഡി
ഓടിവന്നു . രാമുവിനും സന്തോഷമായി .അവരോടു
എല്ലാവരോടും എന്നെന്നേക്കുമായി അവൻ വിട
പറഞ്ഞു .

- Aida Manoj
VIII A

# കവിത - പ്രിയസഖി

പറയുവാനാവാത്ത മൗനമായ്
മിഴികളിൽ കതിരിട്ടുനിന്ന കിനാക്കൾ
കടമെടുത്തിട്ട് നീ  തന്നതോ
ഹൃദയത്തിലേരിയും അഗാധമാം ദുഃഖം
വിടരാത്ത മൊട്ടുപോൽ അകതാരിൽ സൂക്ഷിച്ച
പ്രിയമാം വാക്കുകൾ ചേർത്തുവെച്ച്
ജീവിത സത്യങ്ങൾ ഒക്കെയും അരികിൽ കുറിക്കുവാൻ
വീണ്ടും കാത്തിരുന്ന ഞാൻ നിനക്കായ്
അതുകേൾക്കാതെ ഒന്നും പറയാതെ നീയെന്നേ
എങ്ങോ ദൂരേയ്ക്ക് പോയി മറഞ്ഞു
പരിഭവം പോലും മാറാന്ന ഞാൻ
നിന്നുടെ പദനി സ്വനത്തിനായ്  കാതോർത്തു
തിരയൊടുങ്ങാത്തൊരാൻ കരളിന്റെ മോഹവും
മിഴിനീരുമായും ഞാൻ നിൽക്കെ
കുളിർനിലാവുപോൽ ഒരു മാത്രാ നീ
എൻ മുന്നിൽ വന്നെത്തീടുമേന്ന മന്ദ്രമെൻ
വിറയാർന്ന ചുണ്ടിൽവന്നലതീർത്തിടുന്നു

-Haritha C.H
IX A

# വിദ്യാഭ്യാസത്തിൽ രൂപീകരണത്തിന്റെ പ്രയോഗവും പ്രസക്തിയും

ഒരുവനിലുള്ള മാനവികതയേയും ദൈവികതയേയും മനോഭാവങ്ങളെയും പക്വതയിലും പൂർണതയിലുമെത്തിക്കുന്ന ,മരണം വരെ തുടരുന്ന മഹത്തായ ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം .

"By education I mean an all round drawing out of the best in child and man-body ,mind and spirit ."(Ghandhi. M.K;Harijan,Ahmedabad
14 July,1937).എന്ന ഗാന്ധിയൻ വചനങ്ങൾ ഇവിടെ പ്രസക്തമാണ് .

*"ആചാര്യത് പാദമാദത്തെ*
*പാദം ശിഷ്യ സ്വമേധ*

*പാദം സബ്രഹ്മചാരിഭ്യ*

*പാദം കാലക്രമേണച ".*

ആചാര്യനിൽ നിന്ന്

നാലിലൊന്നും ,ശിഷ്യൻ സ്വന്തമായി നാലിലൊന്നും ,സതീർദത്ഥരിൽ നിന്ന് നാലിലൊന്നും ,ബാക്കി നാലിലൊന്ന് കാലക്രമത്തിലും വിദ്യാർത്ഥി ആർജ്ജിച്ചെടുക്കുന്ന .വിദ്യാഭ്യാസം എന്നും നവീനഭാവങ്ങളും നൂതനചിന്തകളും ആധുനിക പ്രതിഭാസങ്ങളും മനസുകളിൽ വിതക്കുന്നതാണ് .നിരന്തരമായ ഒരു മാറ്റം മനുഷ്യനിൽ വരുത്തുന്നതുമാകുന്ന .വിദ്യാഭ്യാസത്തിലൂടെ വ്യക്തികൾക്ക് മാറ്റവും സമൂഹത്തിനു രൂപവും കൈവരുന്ന .

വിദ്യയെ കാംഷിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നവർ വാച്യാർത്ഥത്തിൽ വിദ്യാർത്ഥികളാണെങ്കിലും സ്കൂളുകളിലും കോളേജുകളിലും പോയി പഠിക്കുന്നവരെയാണ് നാം

വിദ്യാർത്ഥികളെന്ന പദത്തിലൂടെ സൂചിപ്പിക്കുന്നത് .വിവരങ്ങൾ ശേഖരിക്കുന്നവരായി മാത്രം അവർ മാറുന്ന ദയനീയ കാഴ്ചയാണ് എവിടെയും ദർശിക്കുക .രൂപീകരണം വിദ്യാഭ്യാസകാലത്ത് ഉണ്ടാകുന്നതിന് വേണ്ടത്ര ശ്രദ്ധയും താല്പര്യവും കുറഞ്ഞിരിക്കുന്നു .Information നും Formation നും ചേർന്നാണ് ഒരു Transformation (രൂപാന്തരീകരണം ) വ്യക്തികളിൽ സൃഷ്ടിക്കുന്നത് .വിദ്യാഭ്യാസ രംഗത്ത് വ്യക്തത്വവികസനത്തിനും രൂപീകരണത്തിനും എക്കാലവും പ്രാധാന്യം ഉണ്ടായിരിക്കേണ്ടതന്നെന്നു ചുരുക്കം .വിദ്യാഭ്യാസത്തെ മൂന്നു "R" കൊണ്ട് വിവക്ഷിച്ചിരിക്കുന്നു .ie.Reading,Writing,Arithmatic. എന്നാൽ ഗാന്ധിജി മൂന്ന് "H" കൊണ്ടാണ് വിദ്യാഭ്യാസത്തെ നിരീക്ഷിക്കുന്നത് .Heart,Head,Hand.മനുഷ്യൻ അവന്റെ സമഗ്രതയിലേക്ക് വളരാനുള്ള നിരന്തരമായ ഒരു പരിശ്രമമാണ് വിദ്യാഭ്യാസമെന്ന പ്രക്രിയയിൽ കാണേണ്ടത് .”Education is for life,through

life and throughout life” എന്ന ഗാന്ധിസൂക്തം ഇവിടെ പ്രസക്തം തന്നെ .

പ്രാചീന ഭാരതത്തിൽ വിദ്യാഭ്യാസത്തെ 'വിനയം' എന്നാണ് വിളിച്ചിരുന്നത് .വിനയമുള്ളവരായിത്തീർന്നിരുന്നു വിദ്യാസമ്പന്നർ എന്നു സാരം .ഫലഭാരം കൊണ്ട് വൃക്ഷങ്ങളും ജലഭാരം കൊണ്ട് മേഘങ്ങളും വിജ്ഞാനഭാരം കൊണ്ട് മനുഷ്യനും കുനിയുന്നു എന്ന ആശയം ഇതിനുപോൽബലകമാണ് .വിജ്ഞാനം കൂടുംതോറും വിനയം വർദ്ധമാനമാകും .

-Akshara Peethambaran IX A

# കവിത

## കുരങ്ങച്ചൻ

ആലിൻകൊമ്പിൽ വാൽച്ചുറ്റി

ഊഞ്ഞാലാടി  കുരങ്ങച്ചൻ,

അമ്പോ ! വാലിൽ പിടിവിട്ടു

താഴത്തെത്തി കുരങ്ങച്ചൻ !

-Emil Baby
VIII A

## കഥ

# പുളകം ചൊരിയുന്ന ഓർമ്മകൾ

ഒരു മനുഷ്യായുസിന്റെ ഉന്നതപാരമ്പര്യാവുമായി

ഇലഞ്ഞിപ്പൂമണം പരത്തുന്ന എന്റെ മാതൃവിദ്യാലയം !

അതിന്റെ ഓര്മകൾപോലും മനസിനു

പ്രചോതനമാകുന്നു .രാഷ്ട്രീയ ,സാമൂഹിക ,സാംസ്കാര

ിക  രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച എത്രയെത്ര

മഹാരഥന്മാർക്കു ജന്മമരുളിയ മാതൃവിദ്യാലയം !

ജീവിതത്തിൽ ഏറ്റവും മനോഹരമായ കാലത്തുതന്നെ

ലൗകിക ജീവിതത്തോട് വിടപറഞ്ഞ് മലയാളികൾക്ക്

ഉത്തമഗീതങ്ങൾ സമ്മാനിച്ച് ,ആത്മീയതയുടെ

പടവുകൾ കയറിപ്പോയ പ്രിയപ്പെട്ട കവിയത്രി .

അറിവിന്റെ ആദ്യാക്ഷരം നുകർന്ന പ്രിയവിദ്യാലയം

.ഒരു ബലി മൃഗത്തെപ്പോലെ ജീവിതത്തിന്റെ

സമസ്തദുഃഖങ്ങളും -ദരിദ്ര്യം ,അവഹേളനം ,ആത്മനിന്ദ

-സ്വയമേറ്റുവാങ്ങിയ ദസ്തയേവിസ്കിയെ

,മലയാളികളുടെ മനസിൽ പുനര്ജീവിപ്പിച്ച

മലയാളത്തിന്റെ ഉജ്ജ്വലകഥാകാരന്റെ പാദസ്പര്ശമേറ്റ

പുണ്യഭ്രമി .സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ എന്ന മഹാ
വൃക്ഷത്തിന്റെ ചില്ലയിൽ ഒരിക്കൽ കൂടുവെച്ച പിരിഞ്ഞ

എന്റെ ഓര്മകളിലും സുന്ദരനിമിഷങ്ങൾ ഏറെ .
ഗുരു ശിഷ്യ ബന്ധത്തിന്റെ വേരറ്റു എന്നു വിലപിക്കുന്ന
ഇ കാലത്തു ഗുരു ശിഷ്യ ബന്ധത്തിന്റെ

ഉത്തമോദാഹരണം .................

പൊരുൾ തേടി അലയുന്ന മനസ്സുകളിലെ അഗ്നി ...
ജാലക പഴുതിലൂടെ ക്ലാസ് മുറിയിലേക്ക്

എത്തിനോക്കുന്ന ഞാവൽ മരങ്ങൾ ...................
സ്കൂളിന് സമീപം തലയുയർത്തി നില്കുന്ന പരിശുദ്ധ
കന്യാമറിയത്തിന്റെയും വിശുദ്ധ ശ്ളീഹൻ മാരുടെയും

ദേവാലയങ്ങൾ ........................
ദേവാലയ ഗോപുരത്തിൽ ചേക്കേറിയ പ്രാവുകളുടെ

നേർത്ത കുറുകൽ ...............................

മതമൈത്രിയുടെ സന്ദേശമുണർത്തുന്ന
ദേവാലയ മണികളുടെ ദിവ്യസംഗീതം

...........................

സ്നേഹിച്ചും ശിക്ഷിച്ചും വിദ്യ

ഓതിത്തന്ന് ,സ്നേഹത്തിന്റെ ആൽമരം പോലെ

പടർന്ന പന്തലിച്ച പ്രിയ അധ്യാപകർ

..............................

ആരെയും ഇവിടെ

പേരെടുത്ത പറയുന്നില്ല . എല്ലാവരും മഹത്ത്വം

അർഹിക്കുന്നവർ തന്നെ .

ഇന്ന് മാതൃ വിദ്യാലയത്തിൽ

എത്തുമ്പോൾ മനസ്സിൽ നഷ്ട്ടപെട്ട

ബാല്യകാലത്തിന്റെ വിഷാദം . ക്ലാസ് മുറികൾ

മൗനത്തിന്റെ വല്മീകത്തിലേക്ക് ഉൾവലിയുന്നധ്

പോലെ . അപരിചിതത്വത്തിന്റെ ഗന്ധം

തങ്ങിനിൽക്കുന്ന ഇടനാഴി . പുതിയ തലമുറക്ക്

വഴിമാറികൊടുത്ത പഴയ തലമുറയുടെ ഏകാന്ത വേദന

.എങ്കിലും മനസ്സിൽ ഇപ്പോഴും വെറുതെ ഒരു മോഹം .

ഇനിയും ഒരു കുട്ടിയായി , ഈ വിദ്യാലയ

മുറ്റത്ത്..........................വേണ്ട ;ഞാനെന്റെ

ഓർമയുടെ പേടകം അടക്കുകയാണ് .പൂർണേന്ദുവിനെ

കൈക്കുമ്പിളിൽ ഒതുക്കുവാനോ മഞ്ഞുതുള്ളിയെ

ചുംബിക്കുവാനോ എനിക്കാവില്ലല്ലോ .

ഈ സ്കൂളിന്റെ
ഉന്നതിക്കായി പരിശ്രമിച്ച എല്ലാവരെയും ഈ

അവസരത്തിൽ സ്മരിക്കാം .
ആഘോഷപരിപാടികൾക്ക് മുൻനിരയിൽ നിന്ന്

നിറകൂട്ടിടേണ്ട പലരും ഇന്ന് നമ്മോടൊപ്പമില്ല .
കാലയവനികക്കുളിൽ മറഞ്ഞ പ്രിയ ഗുരുക്കന്മാരെയും

സ്നേഹിതരെയും ഈ അവസരത്തിൽ ഓർക്കുന്നു .

കേവലം യാത്ര ആയി മാറുന്ന
മനുഷ്യ ജീവിതത്തിൽ നന്മയുടെ പച്ചത്തുരുത്തുകൾ
കണ്ടെത്തുവാൻ മാതൃവിദ്യാലയം നമ്മുക്ക് പ്രചോദനം

ആകട്ടെ .ക്രിസ്തുജയന്തി മഹാജൂബിലിയോടൊപ്പം
പ്ലാറ്റിനം ജൂബിലി ആഘോഷിക്കുവാൻ ഭാഗ്യം ലഭിച്ച
എന്റെ സ്കൂളിന് എല്ലാഭാവുകങ്ങളും നേരുന്നു

.വിജയത്തിന്റെയും ഐശ്വര്യത്തിന്റെയും പൊൻതൂവൽ

സ്പര്ശത്താല് ഭാവികാലം ഭാസുരമാകട്ടെ .

-Adhityan VS

IX A

# ഉപന്യാസം

## കേരളത്തിനായി

## ജലസംരക്ഷണം

***പ്രകൃതി നമ്മുടെ കൈകുമ്പിളിലേക്ക് തരുന്ന വെള്ളത്തെ ഒരു തുള്ളി പോലും പാഴാക്കാതെ എങ്ങനെ***

***പ്രയോജനപ്പെടുത്താനാവും , എന്നതിനെ***

***ആശ്രയിച്ചിരിക്കും  നമ്മുടെ കേരളത്തിന്റെ ഭാവി . പുഴകളും കുളങ്ങളും കിണറുകളും ഉൾപ്പെടയുള്ള ജലസ്രോതസുകൾ സംരെക്ഷിക്കുന്നതു വഴി ജലസമൃദ്ധമായ പഴയ നല്ല കാലത്തേക്ക് നമുക്ക്***

***തിരിച്ചുപോകാൻ സാധിക്കും .***

***വീട്ടുമുറ്റത്തു വീഴുന്ന മഴയെ ഇനിയെങ്കിലും ഒഴുകി***

***നഷ്ടപ്പെടുത്താൻ അനുവദിക്കരുത്. സ്ഥാപനങ്ങളുടെയും***

***വീടുകളുടെയും മുറ്റം കോൺക്രീറ്റിടുന്നത് , ടാർ ചെയ്യുന്നതും***

***, ടൈലുകൾ പാകുന്നതും മഴവെള്ളം ഒഴുക്കിക്കളയും .***

***ഇത് ചെയ്യാതിരിക്കുക . ടെറസിൽ നിന്നും വീഴുന്ന***

വെള്ളം എല്ലാ വീടുകളിലും കിണർ റീചാർജിങ്ങിനു ഉപയോഗപ്പെടുത്തണം പുരയിടങ്ങളിൽ മഴക്കുഴികളും ചാലുകളുമുണ്ടാക്കി ഉറവകളെ പുഷ്ടിപ്പെടുത്തണം . അങ്ങനെ കിണറ്റിലെ വെള്ളം ഒരു സ്ഥിരനിക്ഷേപമായി സൂക്ഷിക്കണം . മഴവെള്ള സംഭരണികൾ ധാരാളമായി ഉണ്ടാക്കണം വരും തലമുറകൾക്കായി കരുതിവെയ്ക്കേണ്ട ഭൂഗർഭജലം ദുരുപയോഗം ചെയ്യരുത്. ജല സ്രോതസുകൾ മലിനമാക്കാതിരിക്കാൻ എല്ലാവരും ഉണർന്നു പ്രവർത്തിക്കണം . മലിനമായ നദികളും കിണറുകളും കുളങ്ങളും ചിറകളും നവീകരിക്കണം . പ്രകൃതി നമ്മുടെ കൈകുമ്പിളിലേക്ക് തരുന്ന വെള്ളത്തെ ഒരു തുള്ളി പോലും പാഴാക്കാതെ എങ്ങനെ പ്രയോജനപ്പെടുത്താനാവും , എന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ കേരളത്തിന്റെ ഭാവി . പുഴകളും കുളങ്ങളും കിണറുകളും ഉൾപ്പെടയുള്ള ജലസ്രോതസുകൾ സംരക്ഷിക്കുന്നതു വഴി ജലസമൃദ്ധമായ പഴയ നല്ല കാലത്തേക്ക് നമുക്ക് തിരിച്ചുപോകാൻ സാധിക്കും .

വീട്ടുമുറ്റത്ത് വീഴുന്ന മഴയെ ഇനിയെങ്കിലും ഒഴുകി നഷ്ടപ്പെടുത്താൻ അനുവദിക്കരുത്. സ്ഥാപനങ്ങളുടെയും വീടുകളുടെയും മുറ്റം കോൺക്രീറ്റിടുന്നത്, ടാർ ചെയ്യുന്നതും, ടൈലുകൾ പാകുന്നതും മഴവെള്ളം ഒഴുക്കിക്കളയും. ഇത് ചെയ്യാതിരിക്കുക. ടെറസിൽ നിന്നും വീഴുന്ന വെള്ളം എല്ലാ വീടുകളിലും കിണർ റീചാർജിങ്ങിനു ഉപയോഗപ്പെടുത്തണം പുരയിടങ്ങളിൽ മഴക്കുഴികളും ചാലുകളുമുണ്ടാക്കി ഉറവകളെ പുഷ്ടിപ്പെടുത്തണം .അങ്ങനെ കിണറ്റിലെ വെള്ളം ഒരു സ്ഥിരനിക്ഷേപമായി സൂക്ഷിക്കണം .മഴവെള്ള സംഭരണികൾ ധാരാളമായി ഉണ്ടാക്കണം വരും തലമുറകൾക്കായി കരുതിവെയ്ക്കേണ്ട ഭൂഗർഭജലം ദുരുപയോഗം ചെയ്യരുത്. ജല സ്രോതസുകൾ മലിനമാക്കാതിരിക്കാൻ എല്ലാവരും ഉണർന്നു പ്രവർത്തിക്കണം .മലിനമായ നദികളും കിണറുകളും കുളങ്ങളും ചിറകളും നവീകരിക്കണം. കഴിയുന്നത്ര പാടങ്ങൾ നെൽകൃഷിക്ക് ഉപയോഗിച്ച് ഉറവകളെ സംരക്ഷിക്കണം. ഓരോ വ്യക്തിയും

പരിസ്ഥിതിയുടെ കാവൽകരാകണം . പാടങ്ങൾ മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ കെട്ടിപൊക്കരുത്

. അശാസ്ത്രീയമായ ഉറവകളെ നശിപ്പിക്കും വിധം

നിർമാണങ്ങൾ പാടില്ല . കുന്നുകളും , അതിലുള്ള മരങ്ങളും വപ്രകൃതി നമ്മുടെ കൈകുമ്പിളിലേക്ക് തരുന്ന വെള്ളത്തെ ഒരു തുള്ളി പോലും പാഴാക്കാതെ എങ്ങനെ

പ്രയോജനപ്പെടുത്താനാവും , എന്നതിനെ

ആശ്രയിച്ചിരിക്കും  നമ്മുടെ കേരളത്തിന്റെ ഭാവി . പുഴകളും കുളങ്ങളും കിണറുകളും ഉൾപ്പെടയുള്ള ജലസ്രോതസുകൾ സംരക്ഷിക്കുന്നതു വഴി ജലസമൃദ്ധമായ പഴയ നല്ല കാലത്തേക്ക് നമുക്ക്

തിരിച്ചുപോകാൻ സാധിക്കും .

വീട്ടുമുറ്റത്തു വീഴുന്ന മഴയെ ഇനിയെങ്കിലും ഒഴുകി

നഷ്ടപ്പെടുത്താൻ അനുവദിക്കരുത് . സ്ഥാപനങ്ങളുടെയും

വീടുകളുടെയും മുറ്റം കോൺക്രീറ്റിടുന്നത് , ടാർ ചെയ്യുന്നതും

, ടൈലുകൾ പാകുന്നതും മഴവെള്ളം ഒഴുക്കിക്കളയും .

ഇത് ചെയ്യാതിരിക്കുക . ടെറസിൽ നിന്നും വീഴുന്ന

വെള്ളം എല്ലാ വീട്ടുകളിലും കിണർ റീചാർജിങ്ങിനു ഉപയോഗപ്പെടുത്തണം പുരയിടങ്ങളിൽ മഴക്കുഴികളും ചാലുകളുമുണ്ടാക്കി ഉറവകളെ പുഷ്ടിപ്പെടുത്തണം . അങ്ങനെ കിണറ്റിലെ വെള്ളം ഒരു സ്ഥിരനിക്ഷേപമായി സൂക്ഷിക്കണം . മഴവെള്ള സംഭരണികൾ ധാരാളമായി ഉണ്ടാക്കണം വരും തലമുറകൾക്കായി കരുതിവെയ്ക്കേണ്ട ഭൂഗർഭജലം ദുരുപയോഗം ചെയ്യരുത്. ജല സ്രോതസുകൾ മലിനമാക്കാതിരിക്കാൻ എല്ലാവരും ഉണർന്നു പ്രവർത്തിക്കണം . മലിനമായ നദികളും കിണറുകളും കുളങ്ങളും ചിറകളും നവീകരിക്കണം . കഴിയുന്നത്ര പാടങ്ങൾ നെൽകൃഷിക്ക് ഉപയോഗിച്ച് ഉറവകളെ സംരക്ഷിക്കണം . ഓരോ വ്യക്തിയും പരിസ്ഥിതിയുടെ കാവൽകരാകണം . പാടങ്ങൾ മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ കെട്ടിപൊക്കരുത് . അശാസ്ത്രീയമായ ഉറവകളെ നശിപ്പിക്കും വിധം നിർമാണങ്ങൾ പാടില്ല . കുന്നുകളും , അതിലുള്ള മരങ്ങളും വലിയ ജലസ്രോതസുകളാണ്. അവയെ

ഇടിച്ചുനികത്തുകയും വെട്ടിനശിപ്പിക്കാതിരിക്കുകയും ചെയുക . ധാരാളം മരങ്ങൾ വെച്ചുപിടിപ്പിക്കുക .

ജലസ്രോതസുകൾ തടയണകെട്ടി സംരക്ഷിക്കുക . മനുഷ്യന്റെ ഇടപെടലിനെ ആസ്രേയിച്ചാണ് ഭൂമിയുടെ നിലനിൽപ്. ഹരിത കേരള മിഷന്റെ ഭാഗമായി **10000** കുളങ്ങൾ നവീകരിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത് . ജലസംരക്ഷണത്തിനായി പെരുമാറ്റച്ചട്ടമുണ്ടാക്കണം . ജല നിക്ഷേപത്തോളം വലിയ സമ്പത്തില്ലെന്ന തിരിച്ചറിവിൽ സർക്കാർ മതസമുദായ സംഘടനകൾ കൈകോര്ത്ത് മുന്നേറുക . ലിയ ജലസ്രോതസുകളാണ് . അവയെ

ഇടിച്ചുനികത്തുകയും വെട്ടിനശിപ്പിക്കാതിരിക്കുകയും ചെയുക . ധാരാളം മരങ്ങൾ വെച്ചുപിടിപ്പിക്കുക .

***-Akshay Anil***
***IX A***

## ലേഖനം

# സാമൂഹ്യ സേവനത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക്

മനുഷ്യൻ സമൂഹജീവിയാണ് . സമൂഹത്തെ മറന്ന് ജീവിക്കാൻ അവന് ഒരിക്കലും കഴിയുകയില്ല .ജീവിതത്തിലെ ഏറ്റവും ചെറിയ കാര്യങ്ങൾക്കുപോലും മനുഷ്യൻ സമൂഹത്തോട് കടപ്പെട്ടിരിക്കുന്നു . സമൂഹത്തിൽ നിന്ന് പലതും സ്വീകരിക്കുമ്പോൾ സമൂഹത്തിനു വേണ്ടി ചെയ്യുവാനുംഅം  നമുക്ക് കടപ്പാടുണ്ട് .സമൂഹത്തിന്റെ ഭാഗമായ വിദ്യാർത്ഥികൾക്ക് ഈ കാര്യങ്ങളിൽ ശെരിയായ വീക്ഷണം ഉണ്ടായിരിക്കണം . അതിനുള്ള ശീലം വിദ്യാഭ്യാസകാലത്തു തന്നെ വളർത്തിയെടുക്കണം . വിദ്യാർത്ഥികളുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്തം പഠനമാണ് . ഓരോ കുട്ടിയുടെയും വിദ്യാഭ്യാസത്തിനുവേണ്ടി മാതാപിതാക്കളും സർക്കാരും സമൂഹവും

അനുഷ്ഠിക്കുന്ന സേവനങ്ങൾ അവധിയാണ് .അവരുടെ പ്രതീക്ഷകൾ വിദ്യാർഥികളിലാണ്

അർപ്പിക്കപ്പെട്ടിരിക്കുന്നത് .നല്ല രീതിയിൽ പഠിക്കുന്നതിലോടെയേ വിദ്യാർത്ഥികൾക്ക് ഈ പ്രതീക്ഷ പൂവണിയിക്കാൻ കഴിയുകയുള്ളു

.വഴിയറിയാതെ അലയുന്നവർക്ക് വഴിപറഞ്ഞു കൊടുക്കുവാനും തിരക്കേറിയ നിരത്തുകൾ മുറിച്ചുകടക്കുവാനും വൃദ്ധജനകളെ സഹായിക്കുവാനും

വിദ്യാർത്ഥികൾക്ക് കഴിയും . വിദ്യാർഥികളില്ലേ സേവനോൽസുകത വര്ധിപ്പിക്കുന്നതിനു സ്കൂളിൽ

ഒരാഴ്ച സേവനവാരമായി ആചരിച്ചിരിക്കുന്നു. തോട്ടിപ്പണിപോലും ഏറ്റെടുത്തു ചെയ്ത്ു നമുക്ക് മാതൃക കാണിച്ച മഹാത്മാ ഗാന്ധിയുടെ സ്മരണ

പുതുക്കുവാനായിരുന്നു അത്.

സ്കൂൾ പരിസരങ്ങൾ ,വഴികൾ

,ആശുപത്രികൾ എന്നിവ വൃത്തിയാക്കുക , നിർദ്ധനരായ ആളുകൾ പുരവെച്ചുകൊടുക്കുക

,കുടുംബങ്ങളെ ദത്തെടുത്ത് ധനസഹായം ചെയുക , ഒപ്പേറഷനു വേണ്ടി ധനം സ്വരൂപിച്ചെടുത്തു നൽകുക

തുടങ്ങിയ കാര്യങ്ങൾ കുട്ടികൾക്ക് എളുപ്പത്തിൽ ചെയാവുന്നതാണ് .ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി സേവന മനോഭാവം വളർന്നു വരും ,സ്കൂളിൽ തുടങ്ങുന്ന ക്ലബ്ബുകൾ വിദ്യാർത്ഥികളുടെ മനോഭാവത്തെയാണ് വളർത്തുന്നത്

എങ്ങനെ സമൂഹ സേവനത്തിൽ ഏർപ്പെടാനുള്ള അനേകം അവസരങ്ങൾ വിദ്യാർത്ഥികൾക്കുണ്ട് .ഇവയെല്ലാം വേണ്ടരീതിയിൽ തന്നെ പ്രോത്സാഹിപ്പിക്കണം .വിദ്യാർത്ഥി സംഘടനകൾ പലതും രാഷ്ട്രീയമാണ് കൈകാര്യം ചെയുന്നതെന്നും സമൂഹസേവനത്തിനുപകരം സാമൂഹ്യദ്രോഹമാണ് ചെയുന്നതന്നും നമ്മൾ മനസിലാക്കാണം . വിദ്യാർത്ഥികൾ പഠിച്ച നല്ല കഴിവുകൾ തുടർന്നുകൊണ്ടു പോയാൽ നാടിനെ നല്ല സമൂഹമാക്കാൻ നമ്മുക്ക് സാധിക്കും .

-Alatt Anna Joji
IX A

കഥ

# ഇവിടെ പുഴയായിരുന്നു

അമ്പലത്തിനടുത്തുള്ള സ്റ്റോപ്പിൽ ഇറങ്ങുമ്പോൾ ഉച്ചതിരിഞ്ഞിരുന്നു . പാതിവെന്ത മണ്ണിന്റെ മണം .തന്നെ തിരിച്ചറിയുന്നവരാരും ഉണ്ടാവില്ല  എന്നറിഞ്ഞിട്ടും ചുറ്റും പരതി . പരിചയത്തിന്റെ നിഴൽ വീണ ഒരു മുഖം പോലുമില്ല .

പ്രൊഫെസ്സർ മകളെ തിരിഞ്ഞുനോക്കി . വിസ്മയം വിടർത്തിയ കണ്ണുകളിൽ അപരിചിതഭാവത്തിന്റെ നിഴലാട്ടം . അവൾ ഈ നാട് ,ഗ്രാമം ആദ്യമായി കാണുകയാണ് .അമ്പലവും പൂരവും കാവും തുളസിയും പൂമ്പാറ്റകളും ഇല്ലാത്ത നഗരമദ്ധ്യത്തിലെ തിരക്കുകളുടെ കുരുക്കുകളിൽ നിന്നു

അച്ഛന്റെ ഗ്രാമത്തിലേക്ക് . പാഠപുസ്തകങ്ങളുടെ ജഡത്വം വിട്ടു ആദ്യപാഠങ്ങളുടെ ആമുഖസന്ധിയിലേക്ക് . മൗസിന്റെ നെറ്റ് തകർത്ത് ഒരവധി . ഫാഷൻ ഷോയുടെ ചായക്കൂട്ടുകളിൽ നിന്ന് നാട്ടുപച്ചയിലേക്ക് ഒരു സർഫിങ് . പാടത്തേക്ക് ഇറങ്ങുന്ന വരമ്പിൽ പ്രൊഫെസ്സർ അല്പം നിന്നു . വെയിലിൽ ആകാശം കണ്ണിലൊതുങ്ങാതെ വന്നപ്പോൾ വർഷ പാടത്തിന്റെ വിണ്ടുകീറലുകളിലേക്ക് കണ്ണയച്ചു .കാലികൾ അലഞ്ഞുനടന്ന പാടത്തിനക്കരെ നിൽക്കുന്ന ഒറ്റകരിമ്പന .

"അച്ഛന്റെ ബാല്യത്തിന്റെ കളിക്കളമായിരുന്നു ഈ പാടം . കൊയ്ത്തു കഴിഞ്ഞ പാഠമായിരുന്നു അരങ്ങേറ്റവേദി ".ആരുടെയോ കൈയിൽനിന്നും തെറിച്ചുപോയി തലപ്പന്തു .

കോട്ടകൾക്കിടയിൽ ഊർന്നു പോവുന്ന കൈ വിരലുകൾ .ഒലിച്ചുപോകുന്ന ഓർമ്മകൾ

.വരമ്പവസാനിച്ചു ,ഇനി താഴേക്ക് മണൽപ്പറമ്പ്

.താഴെക്കുനീളുന്ന മണൽ വിരിച്ച ദേശീയപാത ."ഈ മണൽപ്പരപ്പ് കടന്നാൽ ഇനിയും പാടമാണോ അച്ഛാ "."മോളെ ,ഇത് പുഴയായിരുന്നു .അച്ഛന്റെ ബാല്യം നീന്തിത്തുടിച്ച പുഴകടവുകൾ ഇവിടെയായിരുന്നു .കര നിറഞ്ഞു ഒഴുകിപ്പരന്ന പുഴയിൽ കക്കപെറുക്കാൻ അമ്മൂമ്മയുടെ കൂടെ .നീർക്കാംകുഴിയിട്ട് മത്സരനീന്തലുകൾ ....." "നിറഞ്ഞ പുഴ ! എന്തുരസായിരിക്കും കാണാൻ .എനിക്കും കാണണം അച്ഛാ ?"

പ്രൊഫെസ്സർ

രോമമില്ലാത്ത തലയിൽ തടവി .വർഷ ചിരിച്ചു ."അച്ഛന് മുടിവന്നാലും അതുണ്ടാവില്ല എന്നല്ലേ ?"വട്ടംചുറ്റുന്ന ഒറ്റ ഗരുഡൻ .കരിമ്പനക്കു മുകളിൽ ആകാശത്തിന്റെ പൊട്ട് .പുഴയുടെ മദ്ധ്യത്തിൽ എത്തിയപ്പോൾ വർഷ അവിടെ നിൻ നിന്നു

.ഇരുവശത്തേക്കും മഞ്ഞമണൽ .ഇവിടെ ഒരു

പുഴയുണ്ടായിരുന്നു .നിറഞ്ഞൊഴുകുന്ന ഒരു പുഴ .നുരയും
പതയും അതിൽ പൊന്തി നീന്തുന്ന പൊടി

മത്സ്യങ്ങളും .പെട്ടന്ന് പുഴയുടെ സാന്നിദ്ധ്യം ഒരു

കുളിരുപോലെ അവളെ തഴുകി ."അച്ഛാ

നമുക്കിവിടെയൊന്നു കുഴിച്ചുനോക്കാം .അടിയിൽ

കുളിർത്ത ജലം കാണും."

അവൾ കൈ രണ്ടും

മണലിൽ പൂഴ്ത്തി .വട്ടത്തിൽ ഒരു കുഴി .വേഗം വേഗം
മണ്ണ് വാരി താഴേക്ക് താഴേക്ക് പോകുന്ന കൈകൾ

.പ്രൊഫെസ്സർ അവളുടെ അമിതോത്സാഹം

നോക്കിനിന്നു .ഇപ്പോഴവൾ കുനിഞ്ഞുകിടന്നു
കൈമുഴുവൻ എത്തിച്ചാണ് കൈയ്യിൽ നനവുണ്ടോ

എന്ന് നോക്കുന്നത് .പുറത്തേക്കിട്ട മണലിൽ ഒരു

കാക്ക .അവൾ ആ കാക്കത്തോട് കൈയിലെടുത്തു
അത്ഭുതം കണ്ണുകളിൽ ജ്വലിപ്പിച്ചു അച്ഛനെ നോക്കി

.ഏതോ പ്രാക്തനകാലത്തെ ഓർമിക്കും വിധം

അവളുടെ കൈയിലെ കാക്കത്തോട് .

പെട്ടന്ന്

ഒരാരവത്തോടെ മഴപെയ്തു .വർഷ മണലിലേക്ക് നനവായി പടർന്നൊഴുകുന്നത് പ്രൊഫെസ്സർ കണ്ടു .അവളുടെ കൈകൾ പുഴയിൽ നീട്ടിയ നീർചാലുകളായി .പുഴയിൽ മെത്തി വന്ന വെള്ളത്തിൽ നീന്തി തുടിച്ചു അദ്ദേഹം തന്റെ മകളെ തിരഞ്ഞു .

-Albin Anil

IX A

## കവിത

# ആഗ്രഹം

പിറകോട്ട് ഞാൻ അൽപ്പം ചാഞ്ഞിരുന്നു
കനിവിന്റെ തേരിൽ പിടിച്ചിരുന്നു
സ്വപ്നങ്ങളിൽ കയറി യാത്രയായി
എങ്ങോട്ടോ വേഗം നടന്നു പോയി

നാടായ നാടെല്ലാം കണ്ടീടുവാൻ
ആമോദമോടെല്ലാം ചെയ്തീടുവാൻ
ഏറെനാൾ ആശിച്ചിരുന്നെങ്കിലും
ത്രാണിയെനിക്കില്ല അയ്യോ ! കഷ്ടം !

ഒന്ന് നടക്കുവാൻ , ഓടികിതയ്ക്കുവാൻ
ആശയെനിക്കേറെ ചിന്തിക്കുവാൻ
അല്ലതെന്തെറെ മോഹിക്കുവാൻ
കാൽക്കളെനിക്കില്ല , ബന്ധിത ഞാൻ
ബന്ധനം മനസിനാണെന്നമൂരിൽ

ബന്ധനം മുക്തമാകേണം മനം

ഇത്തരം

ദുഃഖങ്ങളില്ലായ്കിലോ ?

ഭൗമജന്മം

മോദദായകമല്ലോ

- Alnes Shiju

IX A

# कहानी

## सच्चे दिलवाले

जंगल में दो दोस्ते रहते ये ! बिटू खरगोश और छोटू चूहा ! छोटू को पता या कि बिटू को गाजर बहुत पसंद है ! वह उस के लिए पास बाले खेत से गाजर लाता या ! छोटू के लिए बिटू गोहूँ के ढ़ाने भी देता या ! एक दिन रात हो गई ! लेकिन गाजर लेने के लिए गए छोटू वापस नहीं आया ! बिटू को लगा कि ज़रूर वह कुछ परेशानी में फंस गया है ! एक भयभीत आवाज़ सुनकर बिटू भागकर उस जगह पहुँचा ! उसने देखा कि एक बिल्ली छोटू को खाने जा रहा है ! बिटू ने बिल्ली से उसे न खाने की बिनती की ! बिल्ली ने कहा " मैं बहुत भूखा हूँ ! तुम मुझे दूध लाकर दो " ! बिटू दौडकर एक गाय के पास पहुंचा ! उसने गाय से सारी बातें बता दी ! बिल्ली दूध पीकर चला गया ! उसने छोटू को नहीं खाया !

दोनों दोस्तोँ  ने बिल्ली औरगाय से धन्यवाद कहकर चला गया ! फिर खुशी  - खुशी अपने धर लौटे !

- Haritha C.H

IX A

# പഴഞ്ചൊല്ലുകൾ

1.പഴഞ്ചൊല്ലിൽ പതിരില്ല .

2.വിത്താഴം ചെന്നാൽ പത്തായം നിറയും .

3.നിലമറിഞ്ഞു വിത്തിടണം .

4.മുളയിലറിയാം വിള .

5.ഉഴുന്ന മാടറിയുമോ വിതക്കുന്ന വിത്തു .

6.ചുണ്ടയ്ങ്ങ കൊടുത്തിട്ട് വഴുതനങ്ങ വാങ്ങേണ്ട .

7.ഒന്നു ചിഞ്ഞാലേ മറ്റൊന്നിനു വളവാകൂ .

8.പൊന്നു കായ്ക്കുന്ന മരമായാലും പുരയ്ക്കു ചാഞ്ഞാൽ

മുറിക്കണം .

9.അരച്ചതു തന്നെ അരച്ചാൽ മുഖത്തു തെറിക്കും .

10.ഏഴിൽ തിരിയാത്തവന് എഴുപത്തിലും

തിരിയുകയില്ല .

11.പണത്തിനു മീതെ പരുന്തും പറക്കുകയില്ല .

12.തന്നിൽ ചെറുത് തനിക്കിരയാണ് .

13.ശീലിച്ചതേ പാലിക്കൂ .

14.നിലക്കു നിന്നാൽ മലക്കു സമം .

15.ഇരു തോണിയിൽ കാലു വെക്കരുത് .

16. ഇരുന്നട്ടേ കാലു നീട്ടാവൂ .

17. ഐക്യമത്യം മഹാബലം .

18.അതിമോഹം പെരും ചേതമാണ് .

19.ചങ്ങാതീ നന്നായാൽ കണ്ണാടി വേണ്ട .

20.കണ്ണ് പോയാലേ കണ്ണിന്റെ വില അറിയൂ .

21.പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കേണ്ട .

22.കൊച്ചു പാമ്പ് കടിച്ചാലും വിഷമുണ്ട് .

23.അത്താഴം മുടക്കാൻ നീർക്കോലി മതി .

23.അമ്മയ്ക്ക് പ്രാണവേദന മകൾക്കു വീണ വായന .

24.ആരാന്റമ്മയ്ക്കു ഭ്രാന്തുപിടിച്ചാൽ കാണാൻ നല്ല രസം .

25.ആന വായിൽ അമ്പഴങ്ങ എന്റെ വായിൽ കുമ്പഴങ്ങ .

26.ഇരിക്കാൻ കിട്ടിയാൽ കിടക്കരുത് .

27.ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും ഇലക്ക് തന്നെ കേട് .

28.ഉണ്ണാൻ കൊടുത്താൽ അമ്മാവൻ ഇല്ലെങ്കിൽ കുമ്മാവൻ .

29.ഉത്തരത്തിൽ ഇരിക്കുന്നത് എടുക്കുകയും കക്ഷത്തിൽ ഇരിക്കുന്നത് പോവുകയും അരുത് .

30.എഴുതാപ്പുറം വായിക്കരുത് .

31.ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് .

32.ഒന്നേ ഉള്ളെങ്കിൽ ഉലക്ക കൊണ്ട് അടിക്കണം .

33.മീനത്തിൽ മഴ പെയ്താൽ മീനിന് വിലയില്ല .

34.വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് .

35.കാക്കയ്ക്കും തൻ കുഞ്ഞു പൊൻകുഞ്ഞു .

- Aswathy Sali
IX A

# RAIN

*The droplets that touch the earth*
*With their soft hands,*
*Bring a pleasant smile,*
*On the face of every farmer.*

*The mind of each grain,*
*Changes from sad to joy,*
*When the life giver,*
*Touches them.*

*The peacocks dance,*
*On his arrival,*
*And each of it's feathers,*
*Dance with joy.*

*Fulfilling all the wishes on earth,*
*He too smiles,*

*Believing in his mind,*
*That he has done something good,*

*When each farmer, each grain,*
*And each peacock smiles,*
*The earth too becomes happy,*
*Only because of him.*

- Asna Mol MP
IX A

# സഹകരണ പ്രസ്ഥാനം

സഹകരണമേഖല ഇന്ന് നമ്മുടെ രാജ്യത്തിന്റെ സമസ്തമേഖലകളിലും ആഴത്തിൽ വേരൂന്നിയിട്ടുള്ള ഒരു പ്രസ്ഥാനമാണ് . സഹകരണസ്ഥാപനങ്ങളുമായി ബന്ധമില്ലാത്ത ഒരു വ്യക്തിയേയോ ഒരു കുടുംബത്തെയോ ഇന്ന നമ്മുടെ രാജ്യത്ത് ,പ്രത്യേകിച്ച് കേരളത്തിൽ ,കാണാൻ സാധിക്കയില്ല .നിത്യജീവിതത്തിൽ സഹകരണപ്രസ്ഥാനം അത്രയധികം സ്വാധീനം ചെലുത്തിക്കഴിഞ്ഞിരിക്കുന്നു .ഗ്രാമീണ മേഖലയിൽ കർഷകരും ചെറുകിടകച്ചവടക്കാരും സാധാരണജനങ്ങളും സഹകരണമേഖലയെ ആശ്രയിച്ചാണ് സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് .കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്തിട്ടുള്ള നമ്മുടെ പ്രദേശങ്ങളിൽ സഹകരണപ്രസ്ഥാനങ്ങൾക്ക് വലിയ ചുമതലകളും ഉത്തരവാദിത്വങ്ങളുമുണ്ട് .ഓരോ

ഗ്രാമീണമേഖലകളിലെയും ജനങ്ങളുടെ സമ്പാദ്യം അതതുമേഖലകളിലുള്ള സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കുകയും ആ നിക്ഷേപം അതെ മേഖലയിൽ തന്നെയുള്ള ജനങ്ങൾക്ക് കുറഞ്ഞ പലിശക്ക് നൽകുകയും ചെയ്യുന്ന മഹത്തായ ഒരു ചുമതലയാണ് ഈ മേഖലയിലുള്ള സഹകരണപ്രസ്ഥാനങ്ങൾ നിർവഹിക്കുന്നത് .

മറ്റേതൊരു സംസ്ഥാനത്തെക്കാളുമുപരി കേരളത്തിലെ ജനങ്ങൾ ഇന്ന് സഹകരണമേഖലയെ വിശ്വസിക്കുകയും സഹകരണപ്രസ്ഥാനത്തിലൂടെ നിത്യജീവിതാവശ്യങ്ങൾക്ക് അനുയോജ്യമായ സാമ്പത്തിക മാർഗം കണ്ടെത്തുകയും ചെയ്യുന്നുണ്ട് .സാമ്പത്തിക രംഗത്തു വമ്പിച്ച മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന ഉദാരവത്കരണവും കമ്പോളവത്കരണവും വലിയ വിവാദം സൃഷ്ടിച്ചിരിക്കുന്ന വർത്തമാനകാലഘട്ടത്തിൽ സാമ്പത്തികമേഖലയുടെ വളർച്ചയും തളർച്ചയും കേരളത്തിൽ സഹകരണമേഖലയെ സാരമായി ബാധിക്കുമെന്ന

കാര്യത്തിൽ സംശയമില്ല .എന്നാൽ ഏതൊരു പ്രതിസന്ധിഘട്ടത്തെയും നേരിടാൻ കഴിയുന്ന തരത്തിലുള്ള കരുത്തും സാമ്പത്തിക പുരോഗതിയും നമ്മുടെ സഹകരണമേഖല കൈവരിച്ചിട്ടുണ്ടെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം വളരെ

പ്രതീക്ഷനിർഭരമാണ് .

-Elizabath K Roney

കഥ

# സ്വർഗ്ഗത്തിലേക്കൊരു വിനോദയാത്ര

സ്വർഗത്തെ കുറിച്ച  ഒത്തിരിയേറെ കേട്ടിട്ടുണ്ട് .അതൊന്നു കാണുക എന്നത് എന്റെ വലിയൊരു സ്വപ്നമായിരുന്നു . എന്നാൽ ഇന്ന് .... ഇന്നാണ് എനിക്കാ ഭാഗ്യമുണ്ടായത് . ഇന്ന് നമുക്ക് സ്വർഗ്ഗമൊന്നു ചുറ്റി കറങ്ങിയിട്ടു വരാമെന്ന്  എന്റെ 'അമ്മ പറഞ്ഞപ്പോൾ എന്നെ പറ്റിച്ചെതെന്നാണ് ഞാൻ കരുതിയത് .പക്ഷെ ഇന്ന് ഞാൻ കണ്ടു .......എല്ലാവരും പോകാൻ  ആഗ്രഹിക്കുന്ന ആ സ്വർഗ്ഗം .സ്വർഗ്ഗനഗിരിയിൽ ആദ്യം തന്നെ ഞാൻ കണ്ടത് മൂന്ന് വഴികൾ ഒന്നിക്കുന്ന കവലയാണ് .മൂന്ന് വഴികളിൽ നിന്നും മൂന്ന് വിശ്വാസങ്ങളുടെ പ്രീതിപുരുഷന്മാരാണ് ഇറങ്ങിവരുന്നത്

.നിമിഷനേരങ്ങൾക്കളിൽ മൂന്നപേരും നടുവിൽ വന്നു നിന്നു .പിന്നെ ഞാൻ കണ്ടത് അവിസ്മരണീയമായ കാഴ്ചയായിരുന്നു . മൂന്നപേരും കൂട്ടിയോജിച്ച് ഒറ്റ ശരീരമുള്ള ഒരു മനുഷ്യനായി തീർന്നു . അദ്ദേഹത്തിന്റെ മുഖം മാറികൊണ്ടിരിക്കുകയായിരുന്നു . എന്റെ അച്ഛൻ ,'അമ്മ , സഹോദരങ്ങൾ , അധ്യാപകർ , കൂട്ടുകാർ , ബന്ധുക്കൾ , എന്നുവേണ്ട എനിക്ക് ഈ ലോകത്ത്  അറിയാവുന്ന എല്ലാ മനുഷ്യരുടെയും മുഖമാവുകയായിരുന്നു ആ മുഖം . ഇതിൽ നിന്ന് ഞാൻ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ പാഠം ഉൾകൊള്ളുകയായിരുന്നു .

-Merina Joby

IX B

കവിത

# സൗഹൃദം

മരുഭൂമിയിലെ ഒരു മഴ പോലെ

ആദ്യം നീ പെയ്തിറങ്ങിയപ്പോൾ
ഞാനറിഞ്ഞില്ല നീ എനിക്കൊരു
പൂക്കാലം തരുമെന്ന്
എന്റെ ഒറ്റപ്പെടലിൽ കൂട്ടായി
എന്നും നീ കൂടെയുണ്ടാവുമോ ?
എൻ സങ്കടങ്ങളിൽ നിൻ മന്ദഹാസം
നിറയ്ക്കുമോ
സൗഹൃദം എത്ര മധുരമാണ്
അതില്ലെങ്കിൽ ജീവിതം കയ്പ്പ് നിറഞ്ഞതാകുമോ ?
നീ ഇല്ലാത്ത ഓരോ നിമിഷവും
അകലെയാണെകിലും അരികിലാണ്

നീ ഇപ്പോഴും എനിക്ക് എന്റെ

ജീവിതം ജീവനുള്ളതാക്കിയത് നീയാണ്

എൻ പ്രിയസുഹൃത്തേ

- Asna Mol Saji

IX B

# എന്റെ ഗോവൻ യാത്ര

2016 ഏപ്രിൽ 14 വിഷുവായിരുന്നു .എന്റെ ചിന്തമുഴുവൻ പിറ്റേദിവസത്തെ

യാത്രയെക്കുറിച്ചായിരുന്നു .സാധാരണയിൽ നിന്ന് വ്യത്യസ്തമായി വിഷുവൊന്നു കഴിഞ്ഞുകിട്ടാൻ ഞാൻ

ആഗ്രഹിച്ചു .അങ്ങനെ ഏപ്രിൽ 15 ,5:30 ന് അച്ഛനും അമ്മയും ഞാനും അനുജത്തിയുമടങ്ങുന്ന എന്റെ കുടുമ്പം നോർത്ത് റെയിൽവേ സ്റ്റേഷനിലേക്ക്

യാത്രയായി .ഞങ്ങളുടെ കൂടെ സെക്കന്റ് ക്ലാസ് എ.സി കംപാർട്ട്മെന്റിൽ രണ്ടു തടിയന്മാരായ

ഹിന്ദിക്കാരായിരുന്നു .അവർ തമ്മിൽ എന്തൊക്കയോ

സംസാരിച്ചു .അവരുടെ കലപിലശബ്ദം മൂലം ഞാൻ വെറും മൂന്ന് മണിക്കൂറാണ് അന്ന് ഉറങ്ങിയത്

.എഴുന്നേറ്റപ്പോൾ ചുറ്റും കൂരാകൂരിരുട്ട് .എന്റെ കാഴ്ച

പോയോ എന്നു ഞാൻ ഭയന്നു .പിന്നീടാണ് ,അത് പശ്ചിമഘട്ടത്തിലെ ഒരു തുരങ്കമായിരുന്നു എന്നു

ഞാനറിയുന്നത് .പിന്നെ ഞാൻ ഒരു പോള

കണ്ണടച്ചിട്ടില്ല .

ആദ്യമായി ഞാൻ കണ്ടത് മുരുഡേശ്വറിലെ

ശിവപ്രതിമയാണ് .വീണ്ടും ഏറെ ദൂരം താണ്ടി

ഞങ്ങൾ ഗോവയിലെത്തി .45 ഡിഗ്രി സെൽഷ്യസ്

മുകളിലാണ് താപനില .ടാക്സിയിലിരിക്കുമ്പോൾ

ഉഷ്ണം അസഹ്യമായിരുന്നു .അവസാനം

വാസസ്ഥലത്തെത്തി ,എ.സി ഓൺ ചെയ്ത് ഒറ്റകിടപ്പ്

.പ്രഭാതസൂര്യന്റെ ഊഷ്മളമായ കിരണങ്ങൾ

തട്ടിവിളിച്ചപ്പോഴാണ് എഴുന്നേറ്റത് .

പിറ്റേന്ന് എനിക്ക് മറക്കാനാവാത്ത ദിവസമായിരുന്നു

.വൈകുന്നേരം ഞങ്ങൾ മിരാമർ ബീച്ചിൽ പോയി

.അമ്മയൊഴികെ ഞങ്ങൾ മൂന്നുപേരും

വെള്ളത്തിലിറങ്ങി .അമ്മയുടെയും അച്ഛന്റെയും

മൊബൈൽഫോൺ അച്ഛന്റെ പോക്കറ്റിൽ ആയിരുന്നു

.ഞങ്ങൾ മൂവരും കൈകോർത്തു ചാടിയപ്പോൾ അത്

വെള്ളത്തിലായി .അതായിരുന്നു ദുഃഖകരമായ

സംഭവം .

പിറ്റേദിവസം ഒന്ന് ചുറ്റിക്കറങ്ങാൻ പോയപ്പോൾ ഗോവ ഒരു കൊച്ചു കേരളമാണെന്ന് മനസിലായി .കേരവൃക്ഷങ്ങളും വയലേലകളും കൊണ്ട് മനോഹരമായ ഭൂപ്രദേശം .ഞങ്ങൾ ഒരു ബുദ്ധമത ക്ഷേത്രം സന്ദർശിച്ചു .പിന്നീട് ഒരു വനവും മറ്റൊരു കടലോരവും കണ്ടു .

അങ്ങനെ യാത്രയുടെ അന്ത്യവേളയിലെത്തി ,മനസ്സില്ലാമനസോടെ ഞങ്ങൾ മടക്കമായി .7 മണിക്ക് എത്തേണ്ട ട്രെയിൻ രണ്ടു മണിക്കൂർ വൈകിയാണ് എത്തിയത് .അന്ന് ഞാൻ സുഖമായി ഉറങ്ങി.ഒരു നേരമെങ്കിലും ചോറുണ്ണാൻ ഞാൻ കൊതിച്ചു .ഏതൊരു വിദേശ മലയാളിയെയും പോലെ …………

- Alwin Jaimon
IX A

# തൂലികാനാമങ്ങൾ

1. സിനിക്ക് - എം.വാസുദേവൻ നായർ
2. കേസരി - എം.ബാലകൃഷ്ണപിള്ള
3. മാലി -പി.മാധവൻനായർ
4. വിലാസിനി -എം.കെ.മേനോൻ
5. വാനമ്പാടി - മേരി ജോൺ കൂത്താട്ടുകുളം
6. സഞ്ജയൻ - എം.ആർ.നായർ
7. പാറപ്പുറത്ത് - കെ.ഇ.മത്തായി
8. കാക്കനാടൻ - ജോർജ്ജ് വർഗീസ്
9. ഉറൂബ് - പി.സി.കുട്ടികൃഷ്ണൻ
10. വി.കെ.എൻ -വി.കെ.നാരായണൻകുട്ടിനായർ
11. അക്കിത്തം - അച്യുതൻ നമ്പൂതിരി
12. പാലാ - പാലാ നാരായണൻ നായർ
13. ഒളപ്പമണ്ണ - സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്
14. ആനന്ദ് - വി.സച്ചിതാനന്ദൻ
15. ഇടശ്ശേരി - ഗോവിന്ദൻ നായർ

16. കോവിലൻ - പി.വി.അയ്യപ്പൻ

17. ജി - ജി.ശങ്കരക്കുറുപ്പ്

18. തകഴി - തകഴി ശിവശങ്കരപ്പിള്ള

19. വൈക്കം - വൈക്കം ചന്ദ്രശേഖരൻ നായർ

20. മാധവിക്കുട്ടി - നാലപ്പാട് കമല

-Akshay Anil

IX A

# നൊമ്പരക്കുരുന്നുകൾ

അമ്മേ ,മകനാണ്  ഞാൻ ;
നിൻ ചോരയും ജീവരസവും
കുടിച്ചു ഉയരെടുത്തവൻ ,
കുളിച്ചു ഈറനായി  എത്തുമ്പോൾ
കഥ ,പാട്ടു പാടുമ്പാൾ
അമ്മതൻ പൊന്നുമ്മ സമ്മാനവും .
അച്ഛനോടൊപ്പം ആനകളി
മൂർദാവിൽ കൈവച്ചുറക്കും .
"അച്ഛനുണ്ടായിരുന്നെകിൽ "
കള്ളനും പോലീസും കളിക്കും
എന്നും കള്ളനാണച്ചൻ
എന്നെ ജയിപ്പിക്കുന്ന കള്ളൻ .
ഇടക്കിടെ കൊഞ്ചിപ്പറയുവാൻ
കോലായിൽ തുള്ളികളിക്കുവാൻ
പുത്തൻ കളിപ്പാട്ടം പുത്തൻമനം

അച്ഛനിപ്പോൾ ചിത്രത്തിലില്ല.

അമ്മയല്ലോ ഉള്ളിലെ കാമന

അതിന് അച്ഛനോടോനിച്ചാദ്യം

ഞങ്ങളെ രസിപ്പിച്ച പടമെടുത്തു

ഏറ്റവും ' ക്യൂട്ടായ ' കുട്ടികൾ പോലെ

അമ്മയെ വശത്താക്കി മൗനിയാക്കി

അഛനല്ലയിത് , ചേട്ടനാണ്

അച്ഛനില്ലയിനി ചേട്ടനേയുള്ളൂ

അമ്മെക്കുമെനിക്കും കുഞ്ഞിക്കും .

കുഞ്ഞിപ്പല്ലുകാട്ടി കുഞ്ഞി ചിരിക്കും

എങ്കിലും എവിടയോ എന്തോ

ചേട്ടൻ എനിക്ക് അച്ഛനാകുമോ

ചിരിച്ചുകൊണ്ടോടിച്ചെന്നെന്റ് വിശെന്നാലും

അമ്മേ ,മകനാണ് ഞാൻ ;

നിൻ ചോരയും ജീവരസവും

കുടിച്ച ഉയരെടുത്തവൻ , കുളിച്ച
ഈറനായി എത്തുമ്പോൾ

കഥ ,പാട്ടു പാടുമ്പോൾ

അമ്മതൻ പൊന്നുമ്മ സമ്മാനവും .

അച്ഛനോടൊപ്പം ആനകളി

മൂർദാവിൽ കൈവച്ചുറക്കും .

"അച്ഛനുണ്ടായിരുന്നെകിൽ "

കള്ളനും പോലീസും കളിക്കും

എന്നും കള്ളനാണച്ചൻ

എന്നെ ജയിപ്പിക്കുന്ന കള്ളൻ .

ഇടക്കിടെ കൊഞ്ചിപ്പറയുവാൻ

കോലായിൽ തുള്ളികളിക്കുവാൻ

പുത്തൻ കളിപ്പാട്ടം പുത്തൻമനം

അച്ഛനിപ്പോൾ ചിത്രത്തിലില്ല.

അമ്മയല്ലോ ഉള്ളിലെ കാമന

അതിന് അച്ഛനോടോനിച്ചാദ്യം

ഞങ്ങളെ രസിപ്പിച്ച പടമെടുത്തു

ഏറ്റവും ' കൃട്ടായ ' കുട്ടികൾ പോലെ

അമ്മയെ വശത്താക്കി മൗനിയാക്കി

അഛരനല്ലയിത് , ചേട്ടനാണ്

അച്ഛനില്ലയിനി ചേട്ടനേയുള്ളൂ

അമ്മെക്കുമെനിക്കും കുഞ്ഞിക്കും .

കുഞ്ഞിപ്പല്ലുകാട്ടി കുഞ്ഞി ചിരിക്കും

എങ്കിലും എവിടയോ എന്തോ

ചേട്ടൻ എനിക്ക് അച്ഛനാകുമോ

ചിരിച്ചുകൊണ്ടോടിച്ചെന്നെന്റെ

വിശെന്നാലും കരഞ്ഞാലും കളിച്ചാലും

ഉറക്കംള്ളുഞ്ഞിയാലുംപിണങ്ങിയാലും

കവളിലുമ്മക് പകരമടിയാണ് .

കുഞ്ഞിക്കയില്ലമർത്തി ഞെരിക്കും

ഇരുമ്പുവടിയാലാഞ്ഞടിക്കും

ഊകലഞ്ഞു തൊഴിച്ചാകാറ്റും

""അമ്മേ മകനാണ് ഞാൻ "

നിൻ ഉദരത്തിൽ ആനന്ദന്രത്തം

എൻ കുഞ്ഞികാലുകൊണ്ടൊരിക്കൽ

,

ഇന്നെൻമ്മേനിയിലാണാനന്ദനൃത്തം

ചേട്ടച്ഛന്റ ലഹരി പൂത്ത

രാവുകളിൽ കളിപ്പാട്ടമാണ്

ഞങ്ങൾ .

അച്ഛനായി വന്നവൻ സിഗരറ്റ്

കുത്തി

പൊള്ളിച്ച വാട്ടുക്കലിൽ തലോടി

പുറത്തല്ല ഉള്ളിലാണ് മിന്നലാന്തൽ .

എല്ലുകൾ ഞുറുങ്ങുമ്പോൾ ,

കൈകാൽ  ഞെരിഞ്ഞമരുമ്പോൾ ,

തലയോട് പൊട്ടി ചോറു

ചിതറുമ്പോൾ ,

അമ്മേ നീ അറിയുന്നില്ലേ ഒന്നും ?

നാലു കുഞ്ഞിക്കണ്ണുകൾ കരഞ്ഞ്

ഉറവവറ്റി നിന്നെത്തേടുന്നു .

- Jeffin

IX C

# ഹോമിയോപ്പതി

## ആധുനിക യുഗത്തിൽ

ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ അത്ഭുതാവഹമാണ് . എന്നാൽ സങ്കീർണവും ശാസ്ത്ര സാദ്ധ്യതകൾക്കതീതവുമായ അനേകം പുതിയ രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് മറ്റൊരത്ഭുതമാണ് . ആരോഗ്യമേഖല ലോകമെമ്പാടും വലിയ ഭീഷണി നേരിടുകയാണ് .

ക്യാൻസർ,എയ്ഡ്രോഹം ,ഹൈപ്പറ്റിറ്റിസ് -ബി ,ഓട്ടോ ഇമ്മ്യൂൺ ഡിസീസ് ,ഡീജനറേറ്റീവ് ഡിസീസ് എന്നിവയെല്ലാം വർദ്ധിച്ചു വരുന്നു . അലർജി ,ത്വക് രോഗങ്ങൾ ഇവയെല്ലാം ക്രമാതീതമായി കൂടുകയാണ്.നാം നിർമ്മാജ്ജനം ചെയ്തു എന്നവകാശപ്പെട്ടിരുന്ന പല രോഗങ്ങളും പുനർജനിക്കുന്നു . ഉദാഹരണം :കോളറ ,പ്ലേഗ് ,ജപ്പാൻജ്വരം,ഡങ്കു ഫീവർ ....... ഇതുവരെ കണ്ടിട്ടില്ലാത്ത മാരകമായ പുതിയ രോഗങ്ങൾ ,അവയ്ക്കു

നിദാനമായ പുതിയ പുതിയ അണുക്കൾ -ഒരു
വെല്ലുവിളി ഉയർത്തുന്നു . രണ്ടു ശതാബ്ദങ്ങൾക്ക്  മുമ്പ്
ജർമ്മനിയിൽ വൈദ്യശാസ്ത്രജ്ഞനും
തത്വചിന്തകനുമായ ഡോ .ക്രിസ്റ്റിൻ ഫ്രഡറിക്ക്
സാമുവേൽ ഹാനിമാൻ (1755 -
1843 )ദീർഘകാലത്തെ ഗവേഷണ
പരീക്ഷണങ്ങൾക്കു ശേഷം പ്രഖ്യാപിച്ച
ഹോമിയോപ്പതിതത്വം ഇന്ന് ലോകമെങ്ങും
പ്രചുരപ്രചാരം നേടിവന്നു

-Issac

VIII B

# तारे

हर दिन रात को मैं धर
के ऊपर देख़ता
एक छोटी रौशनी दिखाई देता मुझे
अच्छे लगते है ये तारे
नहीं देखा तारे एक दिन
मैं सोचता या
कैसे बनते तारे छोटे
शायद बहुत दूर इसलिए
शायद बड़े हो सूरज से भी
कितने सुंदर पूरे तारे !

-Aleena Geo
IX A

# സ്വർണ്ണ അരി

ഒരിടത്ത് ഒരു വൃദ്ധ തന്റെ മക്കളോടോത്ത് താമസിച്ചിരുന്നു. വീട്ടിൽ വരുന്നവർക്ക് അവർ എന്തും ദാനം ചെയ്യിരുന്നു. വൃദ്ധ മരിക്കാൻ നേരത്ത് മകളെ വിളിച്ചു പറഞ്ഞു മോളെ വീട്ടിൽ ആശ്രയം തേടി വരുന്നവർക്ക് ദാനം നൽകണം നിനക്ക് ഈശ്വരൻ വേണ്ടത് തരും. വൃദ്ധയുടെ മരണശേഷം അവൾ അയല്പക്കത്തു പണിക്കു പോയിരുന്നു അവൾക്ക് കൊടുക്കുന്ന ജോലികൾ അവൾ അതിവേഗം ചെയ്തുതീർക്കും. അവിടെ നിന്നും കിട്ടുന്ന സാധങ്ങളുടെ ഒരു പങ്ക് അവൾ ദാനം ചെയ്യിരിന്നു. അതിവേഗം ജോലികൾ ചെയ്ത് തിർക്കുന്നതിനാൽ ഇവൾ ഒരു മന്ത്രവാദിനിയാണെന്ന് അവർ പറഞ്ഞു പരത്തി. നാടു മുഴുവൻ പരന്നതോടെ അവളെ പണിക്ക് വിളിക്കാതെയായി ഒരു ദിവസം ഒരു വൃദ്ധൻ അവളുടെ കുടിലിൽ വന്നു ഭിക്ഷയാചിച്ചു. അവിടെ ഒന്നും കൊടുക്കാനില്ലരുന്നു. അവൾ പൊട്ടിക്കരഞ്ഞു. വൃദ്ധൻ

അവൾ പെട്ടന്നു കരയാനുണ്ടായ കാരണം തിരക്കി. അവൾ പറഞ്ഞു. മുത്തച്ഛാ, അവിടുത്തേക്ക് തരാൻ ഈ വീട്ടിൽ ഒന്നും ഇല്ലല്ലോ. വെറും കൈയോടെ പറഞ്ഞയക്കണമല്ലേ എന്ന് ഓർത്ത് ഞാൻ വളരെയധികം ദുഃഖിക്കുന്നു. വൃദ്ധൻ ചിരിച്ചുകൊണ്ടുപറഞ്ഞു. മോളെ നീ അരി ഇട്ടുവയ്ക്കുന്ന മൺകുടം എടുത്തുകൊണ്ട്വരു. അവൾ എടുത്തുകൊണ്ട് വന്നു. അവൾ അത് എടുത്തു കമഴ്ത്തി രണ്ട് അരിമണികൾ അതിൽനിന്നു താഴെ വീണു. അത് കണ്ട് വൃദ്ധൻ പറഞ്ഞു. അതിലൊന്ന് എനിക്ക് മറ്റൊന്ന് വേറെ ആർക്കെങ്കിലും കൊടുക്കാം വൈകുനേരം കലം മാറ്റിവച്ചപ്പോൾ അതിൽ നിന്നും ഒരു പ്രകാശം കണ്ടു. നോക്കിയപ്പോൾ അരിമണിയോളം വലുപ്പമുള്ള രണ്ട് രത്നങ്ങൾ. അവൾ അത് വിറ്റ് ധനികയായി തീർന്നു. അതിനു ശേഷവും അവൾ ധനം ചെയ്തിരുന്നു.

-Pace

VIII A

# വിദ്യാലയത്തിലേക്ക്

# വീണ്ടും

ഇല്ല ,മറക്കാൻ കഴിയില്ല ;നാം തമ്മി-

ലത്രയ്ക്കടുത്തു കഴിഞ്ഞവരല്ലയോ !

ഇന്നിതാ നിന്നോട് യാത്രചോദിക്കുവാൻ

വന്നുചേരുന്നെന്റെയന്ത്യാഭിലാഷമാം!

മൃത്യുവെൻ കണ്ഠത്തിലെത്തിപ്പിടിക്കുവാൻ

നിർദ്ദയം കൈകളുയർത്തിയടുക്കുന്നു .

ഏറിയലാറാഴ്ച ,യപ്പുറമില്ലെന്നു

രേഖപ്പെടുത്തിക്കഴിഞ്ഞു ഭിഷഗ്വരൻ

തൊണ്ടയിലർബുദം കാണിക്കവെച്ചതാം

മൃത്യുവിൻ കൃത്രിമ ശ്വാസക്കുഴലുമായി

നാലാളുത്താങ്ങി പടി കടന്നെത്തിഞാൻ

'നാളെപുലരി തൻ നാളങ്ങൾ' കാണുവാൻ

നേരെ നിവർന്നൊന്നു നിൽക്കുവാൻ വയ്യാത്തൊ-

രാലസ്യമാണെന്റെ ദേഹത്തിനിപ്പോഴും

എങ്കിലുംമിക്കലാ വേദിയിൽ വന്നിതാ

നിൽക്കുന്നു നിങ്ങൾ തൻ നർത്തനം കാണുവാൻ

എത്രയോ രാഗങ്ങൾ ചൊല്ലിപ്പഠിപ്പിച്ച

എത്രയോ മുദ്രകൾ കാട്ടി രസിച്ചിനി-
പ്പാടുവാനെന്നിലുണരില്ല രാഗങ്ങൾ
താളം പിടിക്കാനറക്കില്ല ചോടുകൾ
ഏറെക്കൊതിയുണ്ടു വീണ്ടുമീ വേദിയി-
ലോരോ കവിതകൾ ചൊല്ലി രസിക്കുവാൻ
ഒക്കില്ലെനിക്കിനി നിങ്ങളോടൊത്തു ചേർ-
ന്നിപ്പാഠശാല തന്നങ്കണം പങ്കിടാൻ..........
നിങ്ങൾ നിറക്കണ്ണടക്കാതെ നിശ്ചലം
നിശ്ശബ്ദരായി നിന്നു നടുങ്ങുന്നവെന്തോ !
"ഒച്ചയുണ്ടാക്കരുതെന്നു ചൊല്ലാനിനി-
യൊച്ചയെഴില്ലെൻ കുരുന്നു കുഞ്ഞുങ്ങളേ
"മാഷേ കഥ ,കഥ "യെന്നൊന്നിച്ചിരമ്പാൻ
നാവു പൊങ്ങാത്തതെന്താണകുട്ടരേ
ഇല്ലിനി നിങ്ങളേ പൊട്ടിച്ചിരിപ്പിക്കാ
നില്ലിനി നിങ്ങളെ നുള്ളി നോവിക്കുവാൻ
തെല്ലു കുസൃതികൾ കാട്ടുമ്പോൾ നിങ്ങളെ
തല്ലാനുയാരില്ല ചൂരലോരിക്കലും .

-Vidhya
VIII A

# ബാലന്റെ വേല

ഒരു ദിവസം ബാലൻ എന്ന കുട്ടി കാട്ടിലൂടെ

നടക്കുകയായിരുന്നു .

അപ്പോൾ അതുവഴി വന്ന കുട്ടികുരങ്ങനെ  കണ്ടു

.ആരും കൂട്ടിനില്ലാത്ത

കുട്ടികുരങ്ങൻ കാട്ടിലൂടെ നടക്കുകയായിരുന്നു

.അപ്പോൾ ആണ്

കുട്ടികുരങ്ങൻ ബാലനെ കണ്ടുമുട്ടിയത് .കുട്ടികുരങ്ങന്

സന്തോഷമായി .

ബാലനും കുട്ടികുരങ്ങനും ചങ്ങാതിമാരായി

.അവർ ഒന്നിച്ചു കളിച്ചുനടന്നു .

കുട്ടികുരങ്ങൻ മരച്ചില്ലയിൽ ഊഞ്ഞാലാടുന്നത് കണ്ടു

ബാലന് അസൂയ തോന്നി

കുരങ്ങനെ ഒരു പാഠം പഠിപ്പിക്കണമെന്നു അവനു

തോന്നി .അവനെ കുട്ടികുരങ്ങൻ

അറിയാതെ അടുത്തുള്ള വീട്ടിൽ ചെന്ന് വാക്കത്തി

മേടിച്ചു .ബാലൻ വാക്കത്തി ഉപയോഗിച്ചു

കുട്ടികുരങ്ങൻ ആടിക്കൊണ്ടിരുന്ന ചില്ല ഓടിച്ചു

കുട്ടികുരങ്ങനുണ്ടോ അതറിയുന്നു .ചില്ല

ഒടിഞ്ഞു കുട്ടികുരങ്ങൻ താഴെ പോയി .കുട്ടികുരങ്ങൻ

മോങ്ങികൊണ്ട് കാട്ടിലേക്ക് തിരികെ

പോയി .ഇതുകണ്ട ബാലനു സങ്കടമായി .അവൻ

കുട്ടികുരങ്ങനോട് ചെന്ന് മാപ്പു ചോദിച്ചു .

അതിൽപിന്നെ അവൻ ആരെയും ദ്രോഹിച്ചിട്ടില്ല .

ഗുണപാഠം :ഓരോരുത്തർക്കും അവരുടേതായ

കഴിവുകൾ ഉണ്ട്

-Lenan

VIII B

# Prevention and Control of non-communicable diseases in Kerala,India

With population ageing and changes in disease pattern ,non-communicable diseases (NCDs) such as cardiovascular disease, diabetes,cancer and chronic obstructive pulmonary disease have become the major causes of death and disability in Kerala. Tobacco use,physical inactivity,unhealthy diet and harmful use of alcohol are the main risk factors of NCDs .Reliable state-wide representative data on current prevalence of risk factors and risk

**conditions such as hypertension and diabetes are required to influence policies for prevention and control of NCDs. In order to generate state level estimates of prevalence of risk factors or risk conditions of NCDs,we conducted a survey in a representative sample of over 12,000 adults. The survey represented both urban and rural areas in Kerala and collected data from all the fourteen districts. We followed the World Health Organization (WHO) recommended methodology for NCD risk factor surveillance. In this community based study, we achieved exceptionally high response rate across Kerala. With the uniform procedure of data collection in all districts, shorter duration of data collection, district level supervision and centralized sample selection and**

**training, we ensured good quality of the data collected.**

**-Arald Gigi**

**VIII B**

# കൊയ്ത്തുപാട്ട്

തെക്കനാം ഗോപുരത്തിൽ
മഴയുണ്ടു കൊള്ളുന്നല്ലോ
മഴയെല്ലാം തെന്നിമാറി
മറുമഴ കൊള്ളുന്നല്ലോ

കിഴക്കനാം ഗോപുരത്തിൽ
മഴയുണ്ടു കൊള്ളുന്നല്ലോ
മഴയെല്ലാം തെന്നിമാറി
മറുമഴ കൊള്ളുന്നല്ലോ

വടക്കേനാം ഗോപുരത്തിൽ
മഴയുണ്ടു കൊള്ളുന്നല്ലോ
മഴയെല്ലാം തെന്നിമാറി
മറുമഴ കൊള്ളുന്നല്ലോ
നാലുമഴയൊത്തുകൂടി കനകമഴ പെയ്യുന്നേ
തെക്കു തെക്കു കുട്ടനാട്ടിൽ

പുഞ്ചപ്പാടം കൊയ്യാൻ പോണേ ......

വെള്ളക്കാട്ടെ കൊച്ചു കാളിയേ.....

എന്റെ നിര കൊയ്യരുതേ ......

**-Anson Geo**

**VIII B**

# സൂര്യകാന്തി

ഈരില നാലില വിടർന്നു വിടർന്ന്
ഒരുകൊച്ചു ചെടിയി മുറ്റത്തു ജനിച്ചു
നാളുകളോരോന്നും കൊഴിയുന്ന നോക്കി
ചെടിയില വിരിച്ചു പൂവുകൾ ചൂടി
അരുണന്റെ നേർക്ക് ഉയർന്നൊന്നു നോക്കി

കിഴക്കായി ഉദിക്കുന്ന സൂര്യനുനേരെ
തിരിഞ്ഞൊന്നു മന്ദഹാസം
ചൊരിയുന്ന പൂവ്
അരുണന്റെ ചലനത്തിനൊപ്പം
തിരിയും
പടിഞ്ഞാറുദിശയിൽ മറയാൻ നേരം
കുമ്പിട്ട തലയുമായി യാത്രയയക്കും
സൂര്യന്റെ പത്നിയിവൾ സൂര്യകാന്തി

**-Abhirami Sajeev**
**X B**

കഥ

# ഒരു ട്രെയിൻ യാത്ര

രാത്രിയുടെ അന്ധകാരത്തിൽ അവനെ ആരെങ്കിലും
കണ്ടിരുന്നോ എന്നവൻ ഭയന്നു .കയിലുള്ള പണം
അടങ്ങുന്ന സാഞ്ചി വിറയ്ക്കുന്ന കൈകളാൽ
മുറുകെപിടിച്ചുകൊണ്ട് അവൻ ഓരോ
അടിവെച്ചപ്പോഴും മനസ്സുരുകി പ്രാർത്ഥിച്ചു . തന്നെ
ആരും കണ്ടിട്ടുണ്ടാവരുതേ എന്നു . ഒരു പലചരക്കു
കടയിൽ നിന്നും മോഷ്ടിച്ച ആ പണം എന്തു ചെയ്യും
എന്ന്കൂടി നിശ്ചയിക്കാതെ അനാഥനായ ആ
പതിനഞ്ചു വയസുകാരൻ ഓടി . ഓടിയെത്തിയതി
റെയിൽവേ സ്റ്റേഷൻ കവാടത്തിലാണ് .ഒരു ടിക്കറ്റ്
എടുത്തതിനുശേഷം അവൻ വിശ്രമിച്ചു .അവൻ
ചെയ്ത കളവിന്റെ കുറ്റബോധം അവനെ ആഴത്തിൽ
അലട്ടുന്നുണ്ടായിരുന്നു .പക്ഷെ ആദ്യമായി അത്രേം
പണം കാണുന്നുകൊണ്ടാവാം അതിമോഹം അവനെ
മുറുകെ പിടിച്ചിരുന്നതിനാൽ ഒരു പടി പുറകോട്ട്
നീങ്ങുവാൻ അവൻ തയാറാവുന്നില്ല . അല്ലെങ്കിലും

തന്നേക്കാൾ വലിയ കള്ളനും അതിആഗ്രെഹിയും അറുപിശിക്കനുമായ ആ പീടികകാരനില്ല നിന്നും കുറച്ച പനമെടുക്കുന്നതിൽ തെറ്റൊന്നും തോന്നിയിരുന്നില്ല .

അല്പസമയത്തിനകം വന്ന ട്രെയിനിൽ അവൻ ചാടിക്കയറി .ആരുടേയും കൈയിൽ പെടാതെ നാടുവിടുക ഈ ചിന്താമാത്രമാണ് അവാവേ നയിച്ചത് .അപ്പോഴാണ് ഒരു വയോധികയും അവരുടെ കൊച്ചുമകളാണെന്ന് തോന്നിക്കുന്ന ഒരു പെണ്കുട്ടിയും അവനിരിക്കുന്ന സീറ്റിനു അഭിമുഖമായി വന്നിരുന്നത് .ആ വൃദ്ധയുടെ അവ്യക്തമായ ചലനങ്ങളിൽ നിന്ന് അവർ ഒരു അന്ധയായിരിക്കാം എന്നവൻ ഊഹിച്ചു . കീറിപ്പറിഞ്ഞ വസ്ത്രവും വിഷാദം നിറഞ്ഞ ആ പെൺകുട്ടിയുടെ മുഖവും അവരുടെ ദാരിദ്ര്യത്തെ വിളിച്ചോതി .വഴിനീളെ ആ വൃദ്ധയുടെ കാണില്ല നിന്നും കണ്ണീർപൊഴിഞ്ഞോണ്ടിരുന്നു .തന്റെ മിഴിനീർ ഒരു പുഞ്ചിരികൊണ്ട് മറച്ചു പിടിച്ച ആ

പെൺകുട്ടി അവരെ ആശ്വാസിപ്പിക്കാൻ

ശ്രേമിക്കുന്നതും അവൻ കണ്ടു . അവരുടെ ദുഃഖത്തിന്റെ

കാരണം അവൻ തിരക്കി . ആരെയും കണ്ണീരിൽ

മുക്കുന്ന ഒരു കഥയാണ് അവർക്ക്

പറയാനുണ്ടായിരുന്നത് .പാവപെട്ട

കൃഷിക്കാരനായിരുന്ന അവരുടെ കുടിയും കൃഷിഭൂമിയും

വെള്ളപ്പൊക്കത്തിൽ നശിച്ചുപോയിരുന്നു .ഒരു

വാഹനാപകടത്തിൽ കുടുംബാംഗങ്ങളും അവരെ

വിട്ടുപോയി . ഇനി എങ്ങോട്ടെന്നറിയഥേ യാത്ര

തിരിച്ചതാണവർ .ആ ദുഃഖത്തിന്റെ

നിസ്സഹായദയുടെയും കഥകേട്ട അവൻ നിരാകണ്ണാലെ

തന്റെ സഞ്ചിതുറന്ന് മുഴുവൻ പണവും ആ വൃദ്ധയുടെ

കൈയിൽ വെച്ചുകൊടുത്തു . ആദ്യം

വേണ്ടെന്ന്പറഞ്ഞെങ്കിലും പിന്നീട അവരതു

സ്വീകരിച്ചു . തന്നെ ഒരുമകനെപോലെ

കാണണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്നെങ്കിലും

കാണാമെന്ന വാക്കുകളൂടെ അവൻ അടുത്ത

സ്റ്റേഷനിൽ ഇറങ്ങി

ആകാശമാകെ നിറഞ്ഞുനിന്ന നക്ഷത്രങ്ങളോട്
അവൻ ചോദിച്ചു ഞാൻ ചെയ്തത് ശെരിയല്ല എന്റെ
നിയോഗം ഇതായിരുന്നോ ? ഈശ്വരൻ എന്നെ
ഏല്പിച്ച കടമ ?.ആ രാത്രിയുടെ അന്ധകാരത്തിൽ
അവനെ ആരെങ്കിലും കണ്ടിരുന്നോ എന്നവൻ ഭയന്നു
.കയിലുള്ള പണം അടങ്ങുന്ന സാഞ്ചി വിറയ്ക്കുന്ന
കൈകളാൽ മുറുകെപിടിച്ചുകൊണ്ട് അവൻ ഓരോ
അടിവെച്ചപ്പോഴും മനസ്സുരുകി പ്രാർത്ഥിച്ചു . തന്നെ
ആരും കണ്ടിട്ടുണ്ടാവരുതേ എന്നു . ഒരു പലചരക്കു
കടയിൽ നിന്നും മോഷ്ടിച്ച ആ പണം എന്തു ചെയ്യും
എന്ന്കൂടി നിശ്ചയിക്കാതെ അനാഥനായ ആ
പതിനഞ്ചു വയസുകാരൻ ഓടി . ഓടിയെത്തിയതി
റെയിൽവേ സ്റ്റേഷൻ കവാടത്തിലാണ് .ഒരു ടിക്കറ്റ്
എടുത്തതിനുശേഷം അവൻ വിശ്രമിച്ചു .അവൻ
ചെയ്ത കളവിന്റെ കുറ്റബോധം അവനെ ആഴത്തിൽ
അലട്ടുന്നുണ്ടായിരുന്നു .പക്ഷെ ആദ്യമായി അത്രേം
പണം കാണുന്നുകൊണ്ടാവാം അതിമോഹം അവനെ
മുറുകെ പിടിച്ചുഇരുന്നതിനാൽ ഒരു പടി പുറകോട്ട്

നീങ്ങുവാൻ അവൻ തയാറാവുന്നില്ല . അല്ലെങ്കിലും തന്നേക്കാൾ വലിയ കള്ളനും അതിആഗ്രെഹിയും അറുപിശിക്കനുമായ ആ പീടികകാരനില്ല നിന്നും കുറച്ച പനമെടുക്കുന്നതിൽ തെറ്റൊന്നും

തോന്നിയിരുന്നില്ല .

അല്പസമയത്തിനകം വന്ന

ട്രെയിനിൽ അവൻ ചാടിക്കയറി .ആരുടേയും കൈയിൽ പെടാതെ നാടുവിടുക ഈ

ചിന്താമാത്രമാണ് അവാവേ നയിച്ചത് .അപ്പോഴാണ് ഒരു വയോധികയും അവരുടെ കൊച്ചുമകളാണെന്ന് തോന്നിക്കുന്ന ഒരു പെണ്കുട്ടിയും അവനിരിക്കുന്ന

സീറ്റിനു അഭിമുഖമായി വന്നിരുന്നത് .ആ വൃദ്ധയുടെ അവ്യക്തമായ ചലനങ്ങളിൽ നിന്ന് അവർ ഒരു

അന്ധയായിരിക്കാം എന്നവൻ ഊഹിച്ചു . കീറിപ്പറിഞ്ഞ വസ്ത്രവും വിഷാദം നിറഞ്ഞ ആ പെൺകുട്ടിയുടെ മുഖവും അവരുടെ ദാരിദ്ര്യത്തെ

വിളിച്ചോതി .വഴിനീളെ ആ വൃദ്ധയുടെ കാണില്ല

നിന്നും കണ്ണീർപൊഴിഞ്ഞോണ്ടിരുന്നു .തന്റെ

മിഴിനീർ ഒരു പുഞ്ചിരികൊണ്ട് മറച്ചു പിടിച്ച ആ പെൺകുട്ടി അവരെ ആശ്വാസിപ്പിക്കാൻ ശ്രേമിക്കുന്നതും അവൻ കണ്ടു . അവരുടെ ദുഃഖത്തിന്റെ കാരണം അവൻ തിരക്കി . ആരെയും കണ്ണീരിൽ മുക്കുന്ന ഒരു കഥയാണ് അവർക്ക് പറയാനുണ്ടായിരുന്നത് .പാവപെട്ട കൃഷിക്കാരനായിരുന്ന അവരുടെ കുടിയും കൃഷിഭ്രൂമിയും വെള്ളപ്പൊക്കത്തിൽ നശിച്ചുപോയിരുന്നു .ഒരു വാഹനാപകടത്തിൽ കുടുംബാംഗങ്ങളും അവരെ വിട്ടുപോയി . ഇനി എങ്ങോട്ടെന്നറിയഥേ യാത്ര തിരിച്ചതാണവർ .ആ ദുഃഖത്തിന്റെ നിസ്സഹായദയുടെയും കഥകേട്ട അവൻ നിരാകണ്ണാലെ തന്റെ സഞ്ചിതുറന്ന് മുഴുവൻ പണവും ആ വൃദ്ധയുടെ കൈയിൽ വെച്ചുകൊടുത്തു . ആദ്യം വേണ്ടെന്ന്പറഞ്ഞെങ്കിലും പിന്നീട അവരതു സ്വീകരിച്ചു . തന്നെ ഒരുമകനെപോലെ കാണണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്നെങ്കിലും കാണാമെന്ന വാക്കുകളൂടെ അവൻ അടുത്ത സ്റ്റേഷനിൽ ഇറങ്ങി

ആകാശമാകെ നിറഞ്ഞുനിന്ന നക്ഷത്രങ്ങളോട്
അവൻ ചോദിച്ചു ഞാൻ ചെയ്തത് ശെരിയല്ല എന്റെ
നിയോഗം ഇതായിരുന്നോ ? ഈശ്വരൻ എന്നെ
ഏല്പിച്ച കടമ ?. അപ്പോൾ എവിടെനിന്നോ
ഒരുപ്രേകാശം അവന്റെ മുഖത്തു പതിച്ചു . എന്നിട്ട് ആ
പ്രകാശം പറഞ്ഞു ഭൂമിയിൽ നല്ല മനസുള്ളവൻ
സമാധാനമായി ജീവിക്കും .അവർക്ക് നന്മ ഉണ്ടാകും
.പ്പോൾ എവിടെനിന്നോ ഒരുപ്രേകാശം അവന്റെ
മുഖത്തു പതിച്ചു . എന്നിട്ട് ആ പ്രകാശം പറഞ്ഞു
ഭൂമിയിൽ നല്ല മനസുള്ളവൻ സമാധാനമായി
ജീവിക്കും .അവർക്ക് നന്മ ഉണ്ടാകും .

-Anitta Benny

X B

# AN INTERVIEW WITH AN ATOM

Me : Good morning, Mr Atom of Uranium dynasty. I'm here to have an interview with you.

Mr.Atom : Oh sure! You are free to!

Me : Well how do you feel in this modern world?

Mr.Atom : I am doing good. I have now found position in Chemistry textbooks to the nuclear reactors. Students learn about me.

Scientists experiment with me and the reactors often bombard me with my friends to generate electricity, which is..............really painful you know...........

Me : Oh that hurts............

Let me ask you one thing. Do you feel useful in this world?

Mr.Atom : People use me for making nuclear weapons, missiles and also for producing electricity. But I don't feel good when I am used for making weapons. It is used for wars which take many lives and bring about destruction. My ardent desire i that I am praying really hard for that. I believe one day would come when I don't need to play dual roles anymore as a giver and a taker.

Me : Thank you Mr Atom!I am glad I could have a conversation with you.

Mr.Atom : Thank you!Have a good day!......

-Akshay Babu

X B

# ആപ്തവാക്യം

"ദൈവം ഭയം ജ്ഞാനത്തിന്റെ  ഉറവിടം "

"വിദ്യാധനം സർവ്വധനാൽ പ്രധാനം "

"തോൽവിയാണ് വിജയത്തിന്റെ  നാന്ദി "

"ഐക്യമത്യം മഹാബലം "

"അമിതവായാൽ അമൃതം വിഷം "

"ഒരു കയറ്റത്തിന് ഒരിറക്കം "

"ഇരിക്കുന്ന കൊമ്പിന്റെ കട മുറിക്കരുത് "

"ഉരുളുന്ന കല്ലിൽ പൂരളുമോ പായൽ "

"സങ്കടേ രക്ഷിക്കുന്ന മനുഷ്യനല്ലോ ബന്ധു "

"വിതച്ചത് കൊയ്യും "

"അലസന്റെ തല പിശായിന്റെ കര കൗശല ശാല "

"വിനാശ കാലോ വിപരിത ബുദ്ധി "

"പല നാൽ കട്ടാൽ ഒരു നാൽ പിടിക്കപ്പെടും "

"കരുണയുള്ളവർ ഭാഗ്യവാൻ മാർ "

"വിനാശ കലോ വിപരീത ബുദ്ധി "

"തീയിൽ മുളച്ചത് വെയിലത്ത് വാടുമോ "

"ദൈവം ഉള്ളവന് എല്ലാം ഉണ്ട് "

"ആരോഗ്യമാണ് ധനത്തേക്കാൾ കാവ്യം "

"അഹങ്കാരം ആയുസ്സിനെ കുറയ്ക്കും "

"മൂത്തവർ ചൊല്ലും മുതു നെല്ലിക്കയും ആദ്യം കയിക്കും പിന്നിട് മധുരിക്കും "

"അസ്തമയ സൂര്യനെ ആരും തൊഴാറില്ല "

- Peter
X B

# ബാലന്റെ വേല

ഒരു ദിവസം ബാലൻ എന്ന കുട്ടി കാട്ടിലൂടെ

നടക്കുകയായിരുന്നു .

അപ്പോൾ അതുവഴി വന്ന കുട്ടികുരങ്ങനെ  കണ്ടു

.ആരും കൂട്ടിനില്ലാത്ത

കുട്ടികുരങ്ങൻ കാട്ടിലൂടെ നടക്കുകയായിരുന്നു

.അപ്പോൾ ആണ്

കുട്ടികുരങ്ങൻ ബാലനെ കണ്ടുമുട്ടിയത് .കുട്ടികുരങ്ങന്

സന്തോഷമായി .

ബാലനും കുട്ടികുരങ്ങനും ചങ്ങാതിമാരായി

.അവർ ഒന്നിച്ചു കളിച്ചുനടന്നു .

കുട്ടികുരങ്ങൻ മരച്ചില്ലയിൽ ഊഞ്ഞാലാടുന്നത് കണ്ടു

ബാലന് അസൂയ തോന്നി

കുരങ്ങനെ ഒരു പാഠം പഠിപ്പിക്കണമെന്നു അവനു

തോന്നി .അവനെ കുട്ടികുരങ്ങൻ

അറിയാതെ അടുത്തുള്ള വീട്ടിൽ ചെന്ന് വാക്കത്തി

മേടിച്ചു .ബാലൻ വാക്കത്തി ഉപയോഗിച്ചു

കുട്ടികുരങ്ങൻ ആടിക്കൊണ്ടിരുന്ന ചില്ല ഓടിച്ചു

കുട്ടികുരങ്ങനണ്ടോ അതറിയുന്നു .ചില്ല ഒടിഞ്ഞു

കുട്ടികുരങ്ങൻ താഴെ പോയി .കുട്ടികുരങ്ങൻ മോങ്ങികൊണ്ട് കാട്ടിലേക്ക് തിരികെ

പോയി .ഇതുകണ്ട ബാലനു സങ്കടമായി .അവൻ

കുട്ടികുരങ്ങനോട് ചെന്ന് മാപ്പു ചോദിച്ചു .

അതിൽപിന്നെ അവൻ ആരെയും ദ്രോഹിച്ചിട്ടില്ല .

ഗുണപാഠം :ഓരോരുത്തർക്കും അവരുടേതായ കഴിവുകൾ ഉണ്ട്

-Alvia

VI A

കവിത

## ദുഃഖ ഭ്രമി

ഒരു രാവിൻറെ ശോകം
ഒരു പുലരിയുടെ നൊമ്പരം
ഒരു കിനാവിന്റെ ദുഃഖം
ഈ ലോകം മഹാസാഗരം

താമസിന്റെ കാഠിന്യവും
മൃഗങ്ങളുടെ തേങ്ങലും
വൃക്ഷത്തിന്റെ വിലാപവും
സ്വരങ്ങളീ ഭ്രവിൽ ദുഃഖഭ്രമിയിൽ

കുളിച്ച പുടവകൾ രക്തത്തിൽ
ഒളിച്ച ചാട്ടവാർ അകത്തളങ്ങളിൽ ഉറങ്ങുന്ന
മനുഷ്യത്വം ഇന്നു മോരിരുണ്ട തടവറയിൽ
കാഴ്ചകളീ ഭ്രവിൽ , ദുഃഖഭ്രമിയിൽ

ഉണരുവിൻ പങ്കാളികളെ
ഉണരുവിൻ സോദരരെ

സ്നേഹമെന്ന തിരിതെളിക്കുവാൻ ഈ ദുഃഖഭ്രമിയിൽ

- Nandhana VII A

കഥ

# <u>മാഞ്ഞുപോകുന്ന സ്നേഹസൂര്യൻ</u>

ഒരിക്കൽ മാക്സിനോ എന്ന പട്ടണത്തിൽ മനു എന്ന ആറുവയസുകാരനും അവന്റെ അച്ഛനമമ്മയും അടങ്ങിയ ഒരു കുടുംബമായിരുന്നു .അവർ ധനികരായ ഒരു കുടുംബമായിരുന്നു .മനു അങ്ങനെ ഒന്നാം ക്ലാസ്സിലായി .അവനു കൂട്ടുകാർ എന്നു പറഞ്ഞാൽ വലിയ കാര്യമായിരുന്നു .അവർ പാവപ്പെട്ടവരാണോ ധനികരാണോ എന്നൊന്നും അവൻ നോക്കിയില്ല .ആരോടും പെട്ടെന്നിണങ്ങുന്ന സ്വഭാവമായിരുന്നു .അച്ഛനും അമ്മയും ജോലിക്ക് പോകുന്നതിനാൽ മാതാപിതാക്കളുടെ സ്നേഹവും പരിപാലനവും വാത്സല്യവും അവനു ലഭിച്ചില്ല .മനുവിന്റെ കൂട്ടുകാർ ഞങ്ങളുടെ മുത്തശ്ശിമാരുടെ സ്നേഹവും കഥകളും അമ്മ താരാട്ടുപാടിയുറക്കുന്ന കാര്യങ്ങളും പറയുമ്പോൾ അവൻ കൊതിയോടെ കേൾക്കും .മനുവും കുട്ടികളും വിദ്യാലയത്തിലേക്ക് നടന്നു പോകുമ്പോൾ ഇവർ

കടത്തിണ്ണയിൽ കിടന്നുറങ്ങുന്ന ഒരു പാവപ്പെട്ട മുത്തശ്ശിയെ നിത്യേന സന്ദർശിക്കാറുണ്ട് .മനു ഉച്ചഭക്ഷണത്തിനായി രണ്ടു ബോക്സ് കൊണ്ടുപോകാറുണ്ടായിരുന്നു .എന്നാൽ അതിലൊന്ന് ഈ മുത്തശ്ശിക്കായിരുന്നു .അങ്ങനെ അവർ നല്ല കൂട്ടുകാരായി .സ്നേഹമെന്താണെന്നു മനു തിരിച്ചറിഞ്ഞു .അങ്ങനെയൊരു ദിവസം മനു ആ പാവപ്പെട്ട മുത്തശ്ശിയെ വീട്ടിലേക്ക് കൊണ്ടുപോയി .ക്രമേണ അവർ മനുവിന്റെ മുത്തശ്ശിയെപ്പോലെ ആയി .അവന്റെ അച്ഛനും അമ്മയ്ക്കും അവരെ തീരെ ഇഷ്ടമായിരുന്നില്ല .മുത്തശ്ശിയെ പല തവണ അവർ ഇറക്കിവിടാൻ ശ്രമിച്ചു .എന്നാൽ മനു എതിർത്തു . ഒരു ദിവസം വീണ്ടും അവർ മുത്തശ്ശിയെ ഇറക്കിവിടാനുള്ള ഗൂഢാലോചനയിൽ ഏർപ്പെട്ടു .പക്ഷെ മനു അത് കേട്ടു .മനു അച്ഛനോടും അമ്മയോടും ചോദിച്ചു ."എന്റെ കണ്ണുനീർ പങ്പ്പാന്നോ വിരൽ തുമ്പ് പിടിച്ചു നേർവഴി കാട്ടാനോ എന്നെ താരാട്ടു പാടിയുറക്കാനൊ നിങ്ങൾക്ക് സമയമുണ്ടായിരുന്നില്ല

.എന്നാൽ സ്നേഹമെന്താണെന്ന ഈ

മുത്തശ്ശിയാണെനിക്ക് പഠിപ്പിച്ച തന്നത് ".പിന്നെ

അവൻ പറഞ്ഞു "അതിനാൽ ഞാൻ ഈ മുത്തശ്ശിയെ

കൈവിട്ടുകളയുകയില്ല ".ഇതൊക്കെ ഞാൻ

അച്ഛനോടും അമ്മയോടും പറയുന്നതിനിടെ

മുത്തശ്ശിയെല്ലാം കണ്ടുനിൽക്കുന്നുണ്ടായിരുന്നു .ആ

കണ്ണ് ദുഃഖഭരിതമായിരുന്നു .മനു മുത്തശ്ശിയെ

സമാധാനിപ്പിക്കാൻ ചെന്നപ്പോൾ ആണ് ആ

ഒളിഞ്ഞിരുന്ന സത്യം മുത്തശി പറഞ്ഞത് .പണ്ട്

മനുവിന്റെ അച്ഛൻ ജോലിത്തിരക്കിനിടയിൽ അമ്മയെ

വൃദ്ധസദനത്തിലാക്കിയിരുന്നു .എന്നാൽ ആ

വൃദ്ധസദനം അടച്ചുപൂട്ടിയപ്പോൾ ധാരാളം പേർ

തെരുവിലാക്കപ്പെട്ടു .അങ്ങനെ താനും

തെരുവിലിറങ്ങി.താൻ തന്നെയാണ് മനുവിന്റെ

മുത്തശി എന്നവർ വെളിപ്പെടുത്തി .മനുവിന്റെ അച്ഛൻ

സങ്കടമടക്കാനാവാതെ തന്റെ അമ്മയുടെ കാൽക്കൽ

വീണ് മാപ്പപേക്ഷിച്ചു .തന്നെ എഇത്രയും കാലം

സ്നേഹിച്ചും പരിപാലിച്ചും കൊണ്ടുനടന്ന തന്റെ

അമ്മയെ ഉപേക്ഷിച്ചതിനാൽ കുറ്റബോധം തോന്നി .പിന്നീട് അവരെല്ലാവരും സന്തോഷമായി കഴിഞ്ഞു .മനുവിന് മുത്തശ്ശിയുടെയും മാതാപിതാക്കളുടെയും സ്നേഹത്തെക്കുറിച്ച് കൂട്ടുകാരോട് പറയാൻ പറ്റി .

- Peo Mathew
X B

# മഹത് വചനങ്ങൾ

1.ഉദാരമനസ്കതനായ നീതിമാനും

നീതിമാനായ ഉദാര മനസ്കതനും സ്വർഗ്ഗ

രാജ്യത്തിന് അവകാശികളാണ്.

- ലവാതർ

2.ഒരു ഔൺസ് സഹായം

ഒരു ടൺ പ്രസംഗത്തേക്കാൾ

ഉപകാരപ്രദമാണ്.

-ബൾവർ

3.പരിശ്രമം ചെയ്യുകിൽ എന്തിനെയും

വശത്തിലാക്കാൻ കഴിവുള്ള വണ്ണം

ദീർഘങ്ങളാം കൈകളെ  നല്കിയത്രേ

മനുഷ്യരെ പാരിലയിച്ചതീശൻ .

-കെ .സി

കേശവപ്പിള്ള

4.സ്നേഹിതർക്കുവേണ്ടി സ്വജീവൻ

നൽകുക എന്നതിനേക്കാൾ വലിയ

പുണ്യപ്രവർത്തിയില്ല .

-യേശുക്രിസ്തു

5.ഈശ്വരനാണ് എല്ലാം

ചെയ്യുന്നതെന്ന് വിശ്വസിക്കുകയും

മനുഷ്യനാണ് എല്ലാം ചെയ്യേണ്ടതെന്നു കരുതി

പ്രവർത്തിക്കുകയും വേണം .

-ചാൾസ് മേഴ്സ്

6.ഹൃദയം സംസാരിക്കുന്നത് മാത്രമേ

ദൈവം കേൾക്കുകയുള്ളൂ .ഹൃദയം

മൂകനാണെങ്കിൽ ദൈവം ചെകിടനുമാണ്.

-

റെിബ്രുക്സ്

7. എന്റെ ജീവിതത്തെ നയിക്കുന്നത്

മതമാണ്.എന്റെ രാഷ്ട്രീയ ജീവിതം

കൂടി മതത്തിൽ നിന്നുണ്ടായതാണ്.

-ഗാന്ധിജി

8.വാക്കുകളില്ലാത്ത

കവിതയാണ ചിലതും .

-ഹൊരസ്

നന്ദിയുടെ ഒരു വാക്ക് ,

ഈ ഡിജിറ്റൽ മാഗസിൻ
നിർമാണത്തിൽ പങ്കാളികളായ എല്ലാ
കൂട്ടുകാർക്കും നിർദ്ദേശങ്ങൾ നൽകി
ഞങ്ങളോടൊപ്പം പ്രവർത്തിച്ച ഗുരുക്കന്മാർക്കും
നന്ദിയർപ്പിക്കട്ടെ .ലിറ്റിൽ കൈറ്റ്സിന്റെ തുടർ
പ്രവർത്തനങ്ങൾക്ക് ഇതൊരു
മുതൽക്കൂട്ടാകുമെന്നു പ്രതീക്ഷിക്കട്ടെ ............

അക്ഷയ് അനിൽ.



little KITEs